THE TOP-SPEC AUTOMOTIVE MAGAZINE IN MALAYALAM

# ടോപ് സ്പെക്

MAY 2022

www.topspec.in




ടെസ്റ്റ് റൈഡ് റിവ്യൂ

## വിപണി പിടിക്കാൻ അർബൻസ്പോർട്ട്, അർബൻസ്പോർട്ട് പ്രോ

കവർ സ്റ്റോറി

SCAN & READ

കാസിരംഗ എഡിഷനിൽ ടാറ്റയുടെ

## ഫാബുലസ് ഫോർ

ജനപ്രീതിയിൽ കണ്ണുനട്ട്

## പുതിയ വാഗൺആർ

ആഡംബരത്തിന്

## പുതിയ മേൽവിലാസം

# പഴയകാല റൂഫിംഗ് സംവിധാനങ്ങൾ മറന്നേക്കൂ!

# ഇനി സുന്ദരവും നവീനവും ദൃഢവുമായ

# ഫ്ളേവേറിയോ ഗാൽവാ റൂഫിംങ്ങ് മാത്രം










## പ്രത്യേകതകൾ

- ട്രസ്സ് വർക്കിന് ആവശ്യമായ സ്ക്വയർ ട്യൂബ്, പൈപ്പ്, ആംഗ്ലർ എന്നിവ ആവശ്യമില്ല
- മുകളിൽ കയറി നടക്കാം, വൃത്തിയാക്കാം
- Zero maintenance leak proof and longer life
- Eco friendly metal
- Superb corrosion resistance
- Excellent anti finger print
- Superior cut edge protection
- Long term durability and low life cycle costs
- Easily washable and walkable

**Floweria Galva**™
STEEL INDUSTRIES

An ISO 9001:2015 Certified Company

IAF INTERNATIONAL ACCREDITATION FORUM
UAF UNITED ACCREDITATION FOUNDATION

Vavvakkavu - Manappally Road, Karunagappally, Kollam. **Off: 9497335152**
Email: floweriosteel@gmail.com | sales@floweriosteel.com | **www.floweriosteel.com**
Phone: **83300 27523, 94471 84523, 94479 07265**

പഴയകാല റൂഫിംഗ് സംവിധാനങ്ങൾ മറന്നേക്കൂ!

# ഇനി സുന്ദരവും നവീനവും ദൃഢവുമായ

# ഫ്ളേവേറിയോ ഗാൽവാ റൂഫിംങ്ങ് മാത്രം














**കാർ പോർച്ച് മുതൽ ആഡിറ്റോറിയം വരെ**
**എല്ലാം നിമിഷങ്ങൾക്കകം**

Flowerio Galva
STEEL INDUSTRIES

An ISO 9001:2015
Certified Company

Vavvakkavu - Manappally Road, Karunagappally, Kollam. **Off: 9497335152**
Email: floweriosteel@gmail.com | sales@floweriosteel.com | **www.floweriosteel.com**
Phone: **83300 27523, 94471 84523, 94479 07265**

# ടോപ് സ്പെക്

**Volume 01 | Issue 02 | May 2022**

**www.topspec.in**
**The TopLine Media Group**



CEO & Editor-in-Chief
Sankar Meetna

Reporters
Harikrishnan R
S. Prathap

Manager-Marketing
Balasubramanian TV

Asst. Manager-Marketing
Vinod A

Layout & Design
Arun Raj R.

Photographer
Prajeev PR



The 'Top Spec' e-magazine is owned by The TopLine Media Group. All materials published in this digital publication is subject to copyright. Unauthorised reproduction in any manner is strictly prohibited. All rights reserved.



For advertisements and editorial, contact:
Mobile: +91 9946824376
Email: sankarmeetna@gmail.com


## ഉണർവ് തിരിച്ചുപിടിക്കുന്ന വാഹന വിപണി

2022 ഏപ്രിൽ മാസത്തെ വാഹന റീട്ടെയിൽ വിൽപ്പന സംബന്ധിച്ച കണക്കുകൾ ഈയിടെയാണ് ഫെഡറേഷൻ ഓഫ് ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻസ് (ഫാഡ) പുറത്തുവിട്ടത്. അർധചാലക ദൗർലഭ്യവും അസംസ്കൃത വസ്തുക്കളുടെ വില വർധനയും വിതരണ ശൃംഖലയിലെ പ്രശ്നങ്ങളും ഉണ്ടായിരുന്നിട്ടും 2021 ഏപ്രിൽ മാസവുമായി താരതമ്യം ചെയ്യുമ്പോൾ ആകെ ഓട്ടോ റീട്ടെയിൽ വിൽപ്പനയിൽ 37 ശതമാനം വളർച്ചയുണ്ടായതായി പുതിയ ഡാറ്റ വെളിപ്പെടുത്തുന്നു. ഇരുചക്ര, മൂന്നുചക്ര, വാണിജ്യ വാഹന, പാസഞ്ചർ വാഹന, ട്രാക്ടർ വിൽപ്പന യഥാക്രമം 38 ശതമാനം, 96 ശതമാനം, 25 ശതമാനം, 26 ശതമാനം എന്നിങ്ങനെ വർധിച്ചു. അതേസമയം, 2019 ഏപ്രിൽ മാസവുമായി താരതമ്യം ചെയ്യുമ്പോൾ ആകെ വാഹന റീട്ടെയിൽ വിൽപ്പനയിൽ 6 ശതമാനം ഇടിവാണ് രേഖപ്പെടുത്തിയത്.

ഈ വർഷം മാർച്ച് മാസത്തിന് സമാനമായ റീട്ടെയിൽ കണക്കുകളാണ് തൊട്ടടുത്ത മാസത്തിലും പ്രകടമായത്. 2021 ഏപ്രിലുമായി താരതമ്യം ചെയ്യുമ്പോൾ ഉയർന്ന വളർച്ചാ നിരക്ക് നേടാനായി. കൊവിഡ് ഒന്നും രണ്ടും തരംഗങ്ങൾ കാരണം 2020 ഏപ്രിൽ, 2021 ഏപ്രിൽ മാസങ്ങൾ രാജ്യമാകെ ലോക്ക്ഡൗണിലായിരുന്നു. കാര്യമായ ബിസിനസ് നടന്നിരുന്നില്ല. അതുകൊണ്ടുതന്നെ കൊവിഡിന് മുമ്പുള്ള 2019 ഏപ്രിൽ മാസവുമായി താരതമ്യം ചെയ്യുന്നതാണ് ഉചിതമെന്ന് ഫാഡ പ്രസിഡന്റ് വിങ്കേഷ് ഗുലാത്തി പറയുന്നു.

'ടോപ് സ്പെക്' മാസികയുടെ പുതിയ ലക്കം വായനക്കാരുടെ കൈകളിലെത്തുകയാണ്. ഇക്കഴിഞ്ഞ മാർച്ച്, ഏപ്രിൽ മാസങ്ങളിലായി നിരവധി വാഹനങ്ങളാണ് ഇന്ത്യൻ നിരത്തുകളിലെത്തിയത്. പ്രധാനപ്പെട്ട ലോഞ്ചുകൾ പുതിയ ലക്കത്തിൽ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങളും ഇക്കാലയളവിൽ ഇന്ത്യൻ വിപണിയിൽ അവതരിപ്പിക്കപ്പെട്ടു. കൊച്ചി ആസ്ഥാനമായ വാൻ ഇലക്ട്രിക് മോട്ടോയുടെ രണ്ട് ഇ-ബൈക്കുകൾ ടെസ്റ്റ് റൈഡ് നടത്തിയിരുന്നു. ആ റിവ്യൂ ഈ ലക്കത്തിൽ വായിക്കാം.



**ശങ്കർ മീറ്റ്ന**
സിഇഒ & എഡിറ്റർ-ഇൻ-ചീഫ്

കാസിരംഗ
എഡിഷനിൽ ടാറ്റയുടെ
# ഫാബുലസ് ഫോർ

20






14

# 437 കിമീ റേഞ്ചുമായി ടാറ്റ നെക്സോൺ ഇവി മാക്സ്

24

ആഡംബരത്തിന്
# പുതിയ മേൽവിലാസം






09

അക്ഷീണം പായാൻ
# റോയൽ എൻഫീൽഡ് സ്ക്രാം 411

08



28



ടെസ്റ്റ് റൈഡ് റിവ്യൂ

വിപണി പിടിക്കാൻ
# അർബൻസ്പോർട്ട്, അർബൻസ്പോർട്ട് പ്രോ

കവർ സ്റ്റോറി



10

ഹോണ്ട ഗോൾഡ് വിംഗ് ടൂർ ഡിസിടി..............07
വാൻ: കേരളത്തിന്റെ അഭിമാനം.............. 12
ബിഎംഡബ്ല്യു ജോയ്ഫെസ്റ്റ് ..............16
വിജയവഴിയിൽ മുന്നേറാൻ ഗ്ലാൻസ.............. ..17
കിയ കാറൻസ് എംപിവി..............19
എംജി സെഡ്എസ് ഇവി ഫേസ്‌ലിഫ്റ്റ്..............22
2022 റെനോ ക്വിഡ് വിപണിയിൽ..............23
കാത് കുത്തിയവൻ പോയാൽ കടുക്കനിട്ടവൻ വരും!........27
മാരുതി സുസുകി ബലേനോ..............26
ടാറ്റയുടെ കിടിലോസ്കി; അവിന്യ ഇവി കൺസെപ്റ്റ്.........29




# മെട്രോപൊളിറ്റൻ എഡിഷനിൽ
# ലാൻഡ് റോവർ ഡിസ്കവറി

ലാൻഡ് റോവർ ഡിസ്കവറി മെട്രോപൊളിറ്റൻ എഡിഷൻ ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. 1.27 കോടി രൂപ മുതലാണ് എക്സ് ഷോറൂം വില. പ്രത്യേക പതിപ്പിനായി 7 സീറ്റർ എസ്‌യുവിയുടെ അകത്തും പുറത്തും നിരവധി പരിഷ്കാരങ്ങൾ വരുത്തിയിരിക്കുന്നു. ഇതോടെ ഓൺ റോഡ് അർബൻ അപ്പീൽ വർധിക്കുമെന്ന് കമ്പനി അവകാശപ്പെട്ടു.

ആർ-ഡൈനാമിക് എച്ച്എസ്ഇ വേരിയന്റ് അടിസ്ഥാനമാക്കിയാണ് ലാൻഡ് റോവർ ഡിസ്കവറി മെട്രോപൊളിറ്റൻ എഡിഷൻ നിർമിച്ചിരിക്കുന്നത്. ഗ്രിൽ, ഡിസ്കവറി ബാഡ്ജിംഗ്

> പ്രത്യേക പതിപ്പിനായി 7 സീറ്റർ എസ് യുവിയുടെ അകത്തും പുറത്തും നിരവധി പരിഷ്കാരങ്ങൾ വരുത്തിയിരിക്കുന്നു

എന്നിവിടങ്ങളിൽ 'ബ്രൈറ്റ് അറ്റ്ലസ്' ഡീട്ടെയ്‌ലിംഗ് കാണാം. ബംപറിന്റെ താഴ്ഭാഗത്ത് ഹാകുബ സിൽവർ ഇൻസെർട്ടുകൾ, 20 ഇഞ്ച് സാറ്റിൻ ഡാർക്ക് ഗ്രേ വീലുകൾ, ബ്ലാക്ക് ലാൻഡ് റോവർ ബ്രേക്ക് കാലിപറുകൾ എന്നിവ നൽകി.

മുന്നിൽ സ്ലൈഡിംഗ് സൺറൂഫ്, പിന്നിൽ ഫിക്സഡ് പനോരമിക് റൂഫ്, 12.3 ഇഞ്ച് ടച്ച്സ്ക്രീൻ ഇൻഫൊടെയ്ൻമെന്റ് സിസ്റ്റം, ഫോൺ സിഗ്നൽ ബൂസ്റ്റർ സഹിതം വയർലെസ് ചാർജിംഗ്, എയർ പ്യൂരിഫയർ, മുന്നിൽ കൂളർ കമ്പാർട്ട്മെന്റ്, 4 സോൺ ക്ലൈമറ്റ് കൺട്രോൾ, ഹീറ്റഡ് സ്റ്റിയറിംഗ് വീൽ, പിൻ നിരയിൽ ഹീറ്റഡ് ആൻഡ് കൂൾഡ് സീറ്റുകൾ, പവേർഡ് സീറ്റ് റിക്ലൈൻ, 'ടൈറ്റാനിയം മെഷ്' ട്രിം ഡീട്ടെയ്‌ലിംഗ് എന്നിവ ലാൻഡ് റോവർ ഡിസ്കവറി മെട്രോപൊളിറ്റൻ എഡിഷന്റെ അകത്തെ വിശേഷങ്ങളിൽ ഉൾപ്പെടുന്നു.

3.0 ലിറ്റർ, 6 സിലിണ്ടർ പി360 പെട്രോൾ എൻജിൻ, 3.0 ലിറ്റർ, 6 സിലിണ്ടർ, ഡി300 ഡീസൽ എൻജിൻ എന്നിവയാണ് പവർട്രെയിൻ ഓപ്ഷനുകൾ. ആദ്യത്തേത് പരമാവധി 355 ബിഎച്ച്പി കരുത്തും 500 എൻഎം ടോർക്കും ഉൽപ്പാദിപ്പിക്കുമ്പോൾ രണ്ടാമത്തേത് പരമാവധി 296 ബി എച്ച്പി കരുത്തും 650 എൻഎം ടോർക്കും പുറപ്പെടുവിക്കും. ■

# ഈരേഴ് പതിനാല് ലോകങ്ങൾ ചുറ്റാൻ
# ഹോണ്ട ഗോൾഡ് വിംഗ് ടൂർ ഡിസിടി



2022 ഹോണ്ട ഗോൾഡ് വിംഗ് ടൂർ ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. 2022 പതിപ്പിനായി ഹോണ്ട തങ്ങളുടെ ടൂറിംഗ് മോട്ടോർ സൈക്കിൾ കാര്യമായി പരിഷ്കരിച്ചിട്ടില്ല. അതേസമയം ചെറിയ തോതിൽ വില വർധിപ്പിക്കുകയും ഈ വർഷത്തേക്കായി മാനുവൽ ട്രാൻസ്മിഷൻ വകഭേദം ഒഴിവാക്കുകയും ചെയ്തു. എയർബാഗ് സഹിതം 2022 ഹോണ്ട ഗോൾഡ് വിംഗ് ടൂർ (ഡിസിടി) മോട്ടോർസൈക്കിളിന് 39.20 ലക്ഷം രൂപയാണ് ഗുരുഗ്രാം എക്സ് ഷോറൂം വില. ഏകദേശം 4,000 രൂപ കൂടുതൽ. പൂർണമായി നിർമിച്ചശേഷം ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുകയാണ് (സിബിയു രീതി). ബുക്കിംഗ് ആരംഭിച്ചു. ബ്ലാക്ക്ഡ് ഔട്ട് എൻജിൻ സഹിതം ഗൺമെറ്റൽ ബ്ലാക്ക് മെറ്റാലിക് ഏക കളർ ഓപ്ഷനാണ്.

**എയർബാഗ് സഹിതം 2022 ഹോണ്ട ഗോൾഡ് വിംഗ് ടൂർ ഡിസിടി മോട്ടോർ സൈക്കിളിന് 39.20 ലക്ഷം രൂപയാണ് ഗുരുഗ്രാം എക്സ് ഷോറൂം വില**

ഗോൾഡ് വിംഗ് മോട്ടോർ സൈക്കിളിന്റെ എഡ്ജി, ഇംപോസിംഗ്, എലഗന്റ് സ്റ്റൈലിംഗ് അതേപോലെ തുടരുന്നു. നീണ്ട ഫീച്ചർ പട്ടികയിൽ ഏറ്റക്കുറച്ചിലുകൾ വരുത്തിയില്ല. ഓട്ടോ-ക്യാൻസലിംഗ് ടേൺ ഇൻഡിക്കേറ്ററുകൾ സഹിതം പൂർണമായും എൽഇഡി ലൈറ്റിംഗ്, നാവിഗേഷൻ സംവിധാനത്തോടെ 7 ഇഞ്ച് ഫുൾ കളർ ടിഎഫ്ടി ഡാഷ്, പാസഞ്ചർ ഓഡിയോ കൺട്രോളുകളോടെ സ്പീക്കറുകൾ, യുഎസ്ബി ടൈപ്പ്-സി പോർട്ടുകൾ, ഇലക്ട്രോണിക്കായി ക്രമീകരിക്കാവുന്ന വിൻഡ്സ്ക്രീൻ എന്നിവ ലഭിച്ചു. ക്രൂസ് കൺട്രോൾ, ത്രോട്ടിൽ ബൈ വയർ സംവിധാനം, ട്രാക്ഷൻ കൺട്രോൾ സിസ്റ്റം, ഹിൽ സ്റ്റാർട്ട് അസിസ്റ്റ്, നാല് റൈഡിംഗ് മോഡുകൾ (ടൂർ, സ്പോർട്ട്, ഇക്കോ, റെയിൻ) എന്നിവ ഇലക്ട്രോണിക് റൈഡർ എയ്ഡുകളിൽ ഉൾപ്പെടുന്നു.









പവർപ്ലാന്റ് സംബന്ധിച്ചാണെങ്കിൽ, 1,833 സിസി, 6 സിലിണ്ടർ, 24 വാൽവ്, ലിക്വിഡ് കൂൾഡ് എൻജിനാണ് ഈ ഭീമനെ മുന്നോട്ട് നയിക്കുന്നത്. ഈ മോട്ടോർ പരമാവധി 124.7 ബിഎച്ച്പി കരുത്തും 170 എൻഎം ടോർക്കും ഉൽപ്പാദിപ്പിക്കും. എൻജിനുമായി ഡുവൽ ക്ലച്ച് ട്രാൻസ്മിഷൻ (ഡിസിടി) ഘടിപ്പിച്ചു. ഡൈകാസ്റ്റ് അലുമിനിയം ട്വിൻ ബീം ഫ്രെയിമിലാണ് മോട്ടോർ സൈക്കിൾ നിർമിച്ചിരിക്കുന്നത്. മുന്നിൽ ഡബിൾ വിഷ്ബോൺ, പിന്നിൽ പ്രോ-ആം സിംഗ്ആം എന്നിവ സസ്പെൻഷൻ നിർവഹിക്കുന്നു.

ഗുരുഗ്രാം, മുംബൈ, ബെംഗളൂരു, ഇന്ദോർ, കൊച്ചി, ഹൈദരാബാദ്, ചെന്നൈ എന്നിവിടങ്ങളിലെ ഹോണ്ടയുടെ ബിഗ്‌വിംഗ് ടോപ്‌ലൈൻ ഡീലർഷിപ്പുകളിൽ മാത്രം 2022 ഹോണ്ട ഗോൾഡ് വിംഗ് ടൂർ ഡിസിടി ലഭിക്കും. ■

# മനം കവരാൻ

# ടാറ്റ കർവ് ഇലക്ട്രിക് എസ്‌യുവി കൺസെപ്റ്റ്



<u>ഹരികൃഷ്ണൻ. ആർ</u>

ടാറ്റ കർവ് ഇലക്ട്രിക് എസ്‌യുവി കൺസെപ്റ്റ് അനാവരണം ചെയ്തു. നെക്സോൺ കൂപ്പെ എന്ന പേരിൽ പുതിയ മോഡൽ വിപണിയിലെത്താനാണ് സാധ്യത. രണ്ട് വർഷത്തിനുള്ളിൽ അരങ്ങേറ്റം നടത്തുമെന്ന് പ്രതീക്ഷിക്കുന്നു.

രൂപകൽപ്പനയുടെ കാര്യത്തിൽ, ലളിതമായ മുഖഭാവത്തോടെയാണ് ടാറ്റ കർവ് കൺസെപ്റ്റ് വരുന്നത്. ഇവി ആയതിനാൽ പരമ്പരാഗതമായ ഗ്രിൽ ഡിസൈൻ കാണാൻ കഴിയില്ല. ടാറ്റ ലോഗോയുടെ മുകളിലായി നീളത്തിൽ നൽകിയ എൽഇഡി സ്ട്രിപ്പിന്റെ രണ്ട് അറ്റത്തുമായി എൽഇഡി ഡേടൈം റണ്ണിംഗ് ലൈറ്റുകൾ സ്ഥാപിച്ചു. ബംപറിന്റെ വശങ്ങളിൽ ത്രികോണാകൃതിയിൽ ക്ലസ്റ്റർ നൽകി. ഉൽപ്പാദന പതിപ്പിൽ ഈ ഭാഗത്ത് ഹെഡ്‌ലാംപ് ഘടിപ്പിക്കും. പരമ്പരാഗത എയർ ഡാമിന്റെ സ്ഥാനത്ത് കാർബൺ ഫൈബർ ഫിനിഷ്, ബംപറിന്റെ താഴ് ഭാഗത്ത് ബ്ലാക്ക് ഷേഡ് ഫിനിഷ് എന്നിവ നൽകി.

കൂപ്പെയുടേതിന് സമാനമായ ചെരിഞ്ഞ റൂഫ്‌ലൈൻ, ഗ്ലോസ് ബ്ലാക്ക് സൈഡ് സില്ലുകൾ, ഗ്ലോസ് ബ്ലാക്ക് വീൽ ആർച്ചുകൾ, മുൻ ഡോറുകളിൽ ഇവി ബാഡ്ജിംഗ്, വലിയ ഡുവൽ ടോൺ അലോയ് വീലുകൾ, കറുത്ത റൂഫ്, പുറത്തെ റിയർ വ്യൂ കണ്ണാടികൾക്ക് പകരമായി ക്യാമറകൾ എന്നിവ ടാറ്റ കർവ് ഇലക്ട്രിക് എസ്‌യുവി കൺസെപ്റ്റിന് ലഭിച്ചു. സ്പ്ലിറ്റ് സ്പോയിലർ, എൽഇഡി ടെയിൽ ലൈറ്റുകൾ, ബൂട്ട്‌ലിഡിന്റെ അതേ വീതിയിലായി എൽഇഡി സ്ട്രിപ്പ്, പിറകിലെ ബംപറിന് ത്രികോണാകൃതിയുള്ള ഇൻസെർട്ടുകൾ, ഡുവൽ ടോൺ ബംപറിന്റെ താഴ് ഭാഗത്ത് ലൈറ്റ് എന്നിവ പിൻഭാഗത്തെ വിശേഷങ്ങളാണ്.

2022 ടാറ്റ കർവ് ഇലക്ട്രിക് എസ്‌യുവി കൺസെപ്റ്റിന്റെ അകത്ത് ഫ്യൂച്ചറിസ്റ്റിക് ഡിസൈൻ കാണാം. ലളിതമായ ഡാഷ്ബോർഡ് ഡിസൈൻ, 2 സ്പോക്ക് മൾട്ടി ഫംഗ്ഷൻ ഫ്ളാറ്റ് ബോട്ടം സ്റ്റിയറിംഗ് വളയം, ടച്ച്സ്ക്രീൻ ഇൻഫൊടെയ്ൻമെന്റ് സിസ്റ്റം, ഇൻസ്ട്രുമെന്റ് കൺസോൾ എന്നിവയ്ക്കായി രണ്ട് വലിയ ഫ്രീസ്റ്റാൻഡിംഗ് സ്ക്രീനുകൾ, പനോരമിക് സൺറൂഫ്, ഡുവൽ ടോൺ ബ്ലാക്ക് ആൻഡ് ബ്ലൂ തീം, എസി വെന്റുകൾക്ക് ടച്ച് കൺട്രോളുകൾ, ട്രാൻസ്മിഷനായി റോട്ടറി ഡയൽ, ഡ്രൈവ് മോഡുകൾ, മുൻ നിരയിൽ ആം റെസ്റ്റ് എന്നിവ ലഭിച്ചു.

പവർട്രെയിൻ സംബന്ധിച്ച വിശദാംശങ്ങൾ ഇപ്പോൾ പരിമിതമാണ്. ടാറ്റ കർവ് ഇലക്ട്രിക് എസ്‌യുവി വിപണിയിലെത്തുമ്പോൾ ഒറ്റ ചാർജിൽ 400-500 കിലോമീറ്റർ സഞ്ചരിക്കാൻ കഴിയുമെന്ന് ടാറ്റ മോട്ടോഴ്സ് വ്യക്തമാക്കി. ഇലക്ട്രിക് വാഹനമായി പുതിയ മോഡൽ അരങ്ങേറും. ഐസിഇ വേർഷൻ പിന്നീട് പുറത്തിറക്കും.

# അക്ഷീണം പായാൻ
# റോയൽ എൻഫീൽഡ് സ്ക്രാം 411




റോയൽ എൻഫീൽഡ് സ്ക്രാം 411 ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. മൂന്ന് വേരിയന്റുകളിൽ സ്ക്രാംബ്ലർ ലഭിക്കും. 2,03,085 രൂപ മുതലാണ് എക്സ് ഷോറൂം വില. ബ്ലേസിംഗ് ബ്ലാക്ക്, സ്കൈലൈൻ ബ്ലൂ, ഗ്രാഫൈറ്റ് യെല്ലോ, ഗ്രാഫൈറ്റ് ബ്ലൂ, ഗ്രാഫൈറ്റ് റെഡ്, വൈറ്റ് ഫ്ളെയിം, സിൽവർ സ്പിരിറ്റ് എന്നിവയാണ് കളർ ഓപ്ഷനുകൾ.

റോയൽ എൻഫീൽഡ് ഹിമാലയൻ പോലെ 'ഹാരിസ് പെർഫോമൻസ്' ഷാസി, എൽഎസ്-410 എൻജിൻ പ്ലാറ്റ്ഫോം എന്നിവ പുതിയ മോഡൽ അടിസ്ഥാനമാക്കുന്നു. അതേസമയം മുന്നിൽ ചെറിയ 19 ഇഞ്ച് സ്പോക്ക് വീൽ നൽകി.

**ഹിമാലയൻ പോലെ 'ഹാരിസ് പെർഫോമൻസ്' ഷാസി, എൽ എസ്-410 എൻ ജിൻ പ്ലാറ്റ്ഫോം എന്നിവ പുതിയ മോഡൽ അടിസ്ഥാനമാക്കുന്നു**

ഹിമാലയനുമായി സാമ്യമുള്ളതാണ് സ്ക്രാം 411 മോട്ടോർ സൈക്കിളിന്റെ സ്റ്റൈലിംഗ്. പെയിന്റഡ് ഷ്രൗഡ് സഹിതം വൃത്താകൃതിയുള്ള ഹെഡ് ലാംപ്, 15 ലിറ്റർ ഇന്ധന ടാങ്ക്, വീതിയേറിയ ഹാൻഡിൽബാറുകൾ, അപ്സ്വെപ്റ്റ് എക്സ്ഹോസ്റ്റ് എന്നിവ കാണാം. സിംഗിൾ പീസ് സീറ്റ്, പകുതി ഡിജിറ്റലായ ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ എന്നിവയാണ് മറ്റ് വിശേഷങ്ങൾ.

411 സിസി, സിംഗിൾ സിലിണ്ടർ, എയർ കൂൾഡ് എൻജിനാണ് സ്ക്രാം 411 മോഡലിന് കരുത്തേകുന്നത്. ഈ മോട്ടോർ 6,500 ആർപിഎമ്മിൽ 24.3 ബിഎച്ച്പി കരുത്തും 4,250 ആർപിഎമ്മിൽ 32 എൻഎം ടോർക്കും പരമാവധി ഉൽപ്പാദിപ്പിക്കും. എൻജിനുമായി 5 സ്പീഡ് ഗിയർബോക്സ് ചേർത്തുവെച്ചു. മുന്നിൽ 190 എംഎം ട്രാവൽ ചെയ്യുന്ന 41 എംഎം ടെലിസ്കോപിക് ഫോർക്കുകളും പിന്നിൽ മോണോഷോക്കും സസ്പെൻഷൻ നിർവഹിക്കും. മുന്നിൽ സിംഗിൾ 300 എംഎം ഡിസ്ക്കും പിന്നിൽ 240 എംഎം ഡിസ്ക്കും ബ്രേക്കിംഗ് കൈകാര്യം ചെയ്യും. ■

**ടെസ്റ്റ് റൈഡ് റിവ്യൂ**

# വിപണി പിടിക്കാൻ

# അർബൻസ്പോർട്ട്, അർബൻസ്പോർട്ട് പ്രോ

**ശങ്കർ മീറ്റ്ന**

കൊച്ചി ആസ്ഥാനമായി പ്രവർത്തനമാരംഭിച്ച ലൈഫ്സ്റ്റൈൽ ഇ-മൊബിലിറ്റി സ്റ്റാർട്ടപ്പാണ് വാൻ ഇലക്ട്രിക് മോട്ടോ പ്രൈവറ്റ് ലിമിറ്റഡ് (വിഎഎൻ). അർബൻസ്പോർട്ട്, അർബൻ സ്പോർട്ട് പ്രോ എന്നീ രണ്ട് ഇലക്ട്രിക് ബൈക്കുകൾ കമ്പനി ഇതിനകം വിപണിയിലെത്തിച്ചു. ആഗോള വിപണി ലക്ഷ്യമാക്കി നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് നിർമിച്ച ലൈഫ്സ്റ്റൈൽ ഇ-ബൈക്കുകളാണ് അർബൻസ്പോർട്ട്, അർബൻ സ്പോർട്ട് പ്രോ എന്നിവ. മലയാളിയായ ജിത്തു സുകുമാരൻ നായരാണ് വാൻ ഇലക്ട്രിക് മോട്ടോയുടെ സ്ഥാപകനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും. യൂറോപ്യൻ കമ്പനികളുടെ സഹായ സഹകരണത്തോടെയാണ് വാൻ മോട്ടോ പുതിയ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിച്ചത്. ഇറ്റാലിയൻ കമ്പനിയായ ബെനെല്ലിയുടെ ബൈസൈക്ലിംഗ് വിഭാഗമായ ബെനെല്ലി ബൈസിക്ലറ്റാണ് അർബൻസ്പോർട്ട് മോഡലുകളുടെ ഡിസൈൻ, എൻജിനീയറിംഗ് എന്നിവ നിർവഹിച്ചത്. ഇതോടൊപ്പം, കെടിഎം ഉടമസ്ഥതയിലുള്ള ഓസ്ട്രിയ ആസ്ഥാനമായ കിസ്കയാണ് വാൻ ഇലക്ട്രിക് മോട്ടോയുടെ ബ്രാൻഡിംഗ് കൈകാര്യം ചെയ്യുന്നത്. കഴിഞ്ഞ നവംബറിൽ മിലാൻ മോട്ടോർ സൈക്കിൾ ഷോയിൽ (ഐക്മ) ഇരുവാഹനങ്ങളും പ്രദർശിപ്പിച്ച് ‘വാൻ ഇലക്ട്രിക് മോട്ടോ പ്രൈവറ്റ് ലിമിറ്റഡ്‘ ആഗോളതലത്തിൽ അരങ്ങേറ്റം കുറിച്ചിരുന്നു.



**ഇറ്റാലിയൻ കമ്പനിയായ ബെനെല്ലിയുടെ ബൈസൈക്ലിംഗ് വിഭാഗമായ ബെനെല്ലി ബൈസിക്ലറ്റാണ് അർബൻസ്പോർട്ട് മോഡലുകളുടെ ഡിസൈൻ, എൻജിനീയറിംഗ് എന്നിവ നിർവഹിച്ചത്**

250 വാട്ട്, 45 എൻഎം റിയർ ഹബ് മോട്ടോർ, 5 ഇലക്ട്രോണിക് ഗിയർ ലെവലുകൾ, മുന്നിലും പിന്നിലും ഡിസ്ക് ബ്രേക്ക്, മണിക്കൂറിൽ 25 കിമീ പരമാവധി വേഗം, ‘ സ്മാർട്ട് വാൻ‘ എൽസിഡി ഡിസ്പ്ലേ, ഷിമാനോ ടൂർണി 7 സ്പീഡ് ഡീറെയിലർ, കോംപാക്റ്റ് 6061 അലുമിനിയം യൂണിസെക്സ് ഫ്രെയിം, ബെനെല്ലി സാഡിൽ, 50-60 കിമീ പരമാവധി റേഞ്ച്, മുന്നിൽ സ്പിന്നർ യുഎസ്എ ഷോക്ക് അബ്സോർബർ, മുന്നിലും പിന്നിലും എൽസിഡി വഴി നിയന്ത്രിക്കാവുന്ന ലൈറ്റുകൾ, ബെനെല്ലി ഹാൻഡിൽബാർ, പ്രോടെക് ഹെഡ്സെറ്റ് എന്നിവ ഇരു മോഡലുകളും പങ്കുവെയ്ക്കുന്നു. അതേസമയം ബെനെല്ലിയുടെ ലൈറ്റ്വെയ്റ്റ് അലോയ് റിമ്മുകളിൽ 20 ഇഞ്ച് സിഎസ്ടി ടയറുകളാണ് കൂടുതൽ സ്റ്റൈലിഷായ അർബൻസ്പോർട്ട് പ്രോ ഉപയോഗിക്കുന്നതെങ്കിൽ ബെനെല്ലിയുടെ സ്റ്റെയ്ൻലെസ് സ്റ്റീൽ റിമ്മുകളിൽ 20 ഇഞ്ച് സി

എസ്ടി ടയറുകളാണ് (സ്പോക്ക് വീലുകൾ) അർബൻസ്പോർട്ടിനെ മുന്നോട്ട് നയിക്കുന്നത്. ഇലക്ട്രിക് മോട്ടോർ ഘടിപ്പിച്ചതും വ്യത്യസ്തമായാണ്. അർബൻ സ്പോർട്ട് എന്ന ബേസ് വേരിയന്റിൽ 15 കിലോയോളം ഭാരം വഹിക്കാൻ കഴിയുന്ന ക്യാരിയർ കാണാം. പ്രോ വേരിയന്റിന് കുറച്ചുകൂടി സ്പോർട്ടി ലുക്ക് ലഭിച്ചു.


















ഇന്ത്യയിൽ 26, 27 ഇഞ്ച് ചക്രങ്ങൾ നൽകിയ സൈക്കിളുകളാണ് ജനപ്രിയമെങ്കിലും 20 ഇഞ്ചാണ് വാൻ തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് തിരഞ്ഞെടുത്തത്. കാഴ്ച്ചയിൽ ചെറുതെന്ന് തോന്നുമെങ്കിലും 130-140 കിലോഗ്രാം വരെ ഭാരമുള്ളവർക്ക് പോലും അനായാസം സഞ്ചരിക്കാൻ കഴിയും. കോംപാക്റ്റ് യൂണിസെക്സ് ഫ്രെയിം ഉപയോഗിച്ചതും സവിശേഷതയാണ്.

48 വോൾട്ട്, 7.5 എഎച്ച്, റിമൂവബിൾ ലിഥിയം അയൺ ബാറ്ററിയാണ് രണ്ട് വേരിയന്റുകളും ഉപയോഗിക്കുന്നത്. 2.5 കിലോഗ്രാം മാത്രമാണ് ബാറ്ററിയുടെ ഭാരം. മൂന്നര മുതൽ നാല് മണിക്കൂറിനുള്ളിൽ പൂർണമായി ചാർജ് ചെയ്യാം. പൂർണ ചാർജിംഗിന് അര യൂണിറ്റ് വൈദ്യുതി മാത്രം മതിയാകും. അതായത്, 60 കിലോമീറ്റർ സഞ്ചരിക്കുന്നതിന് 4 മുതൽ 5 രൂപ മാത്രമായിരിക്കും ചെലവ്. ഓവർചാർജിംഗ് ഒഴിവാക്കാൻ 14 സുരക്ഷാ മുൻകരുതലുകൾ ഉൾപ്പെടുന്ന ബാറ്ററി മാനേജ്മെന്റ് സംവിധാനം സവിശേഷതയാണ്. ബാറ്ററി പായ്ക്ക് അഴിച്ചെടുത്ത് ചാർജ് ചെയ്യാനും കഴിയുമെന്നത് ഏറെ സൗകര്യമാണ്. ഓഫീസിലോ വീട്ടിനകത്തോ ബാറ്ററി പായ്ക്ക് മാത്രം കൊണ്ടുപോയി ചാർജ് ചെയ്യാം.

സിറ്റി റൈഡ് ഉൾപ്പെടെയുള്ള വ്യക്തിപരമായ ആവശ്യങ്ങൾക്കും ഹോസ്പിറ്റാലിറ്റി, റിസോർട്ട് വ്യവസായങ്ങളിലും അർബൻ ക്രൂസറായി വാൻ ഇലക്ട്രിക് മോട്ടോയുടെ അർബൻസ്പോർട്ട് സീരീസ് ഉപയോഗിക്കാൻ കഴിയും. 18 മുതൽ 55 വയസ്സ് വരെയുള്ളവർക്ക് ഉപയോഗിക്കാൻ കഴിയുംവിധമാണ് ഇ-ബൈക്കുകൾ ഡിസൈൻ ചെയ്തിരിക്കുന്നത്. സീറ്റ് ഉയരം ക്രമീകരിക്കാം. ബാറ്ററി, മോട്ടോർ ഉൾപ്പെടെ ആകെ 22 കിലോഗ്രാമാണ് ഇലക്ട്രിക് ബൈക്കുകളുടെ ഭാരം. അഞ്ച് ഡ്രൈവ് മോഡുകൾ സവിശേഷതയാണ്.

**പൂർണ ചാർജിംഗിന് അര യൂണിറ്റ് വൈദ്യുതി മാത്രം മതിയാകും. അതായത്, 60 കിലോമീറ്റർ സഞ്ചരിക്കുന്നതിന് 4 മുതൽ 5 രൂപ മാത്രമായിരിക്കും ചെലവ്**

പെഡൽ അസിസ്റ്റ് സഹിതം മണിക്കൂറിൽ 25 കിലോമീറ്റർ വരെ വേഗതയിൽ സഞ്ചരിക്കാം. വിവിധ മോഡുകൾക്ക് അനുസരിച്ച് 50-60 കിമീ വരെ സഞ്ചരിക്കാം.

ഹെഡ്ലൈറ്റ്, ബോട്ടിൽ ഹോൾഡർ, മഡ് ഫ്ളാപ്പ്, ഇലക്ട്രിക് ഹോൺ, ഇന്റഗ്രേറ്റഡ് ലൈറ്റിംഗ് ഉൾപ്പെടെ 6,000-7,000 രൂപയുടെ ആക്സസറികൾ സ്റ്റാൻഡേഡായി നൽകുന്നതായി കമ്പനി അവകാശപ്പെടുന്നു. ഗിയർ ലെവൽ, ഓഡോമീറ്റർ, റൈഡിംഗ് സമയം, ശരാശരി വേഗത, പരമാവധി വേഗത എന്നിവ കാണിക്കുന്ന എൽസിഡി സ്ക്രീൻ സവിശേഷതയാണ്. മുന്നിലെയും പിന്നിലെയും ലൈറ്റുകൾ ഇതുവഴി പ്രവർത്തിപ്പിക്കാം.

ഇലക്ട്രിക് മോട്ടോർ മികച്ച പ്രവർത്തനമാണ് കാഴ്ച്ചവെയ്ക്കുന്നത്. ത്രോട്ടിൽ റെസ്പോൺസ് ഉഷാർ. സസ്പെൻഷൻ സംവിധാനവും നല്ല രീതിയിൽ പണിയെടുക്കുന്നു. സിംപിൾ പക്ഷേ പവർഫുള്ളാണ് വാൻ മോട്ടോയുടെ അർബൻസ്പോർട്ട് സീരീസ്. പെഡൽ അസിസ്റ്റ് സഹിതം 45 ഡിഗ്രി കയറ്റം സുഗമമായി താണ്ടും. നിർമാണ നിലവാരം എടുത്തുപറയേണ്ടതാണ്.

അർബൻസ്പോർട്ട് വേരിയന്റിന് 59,999 രൂപയും അർബൻസ്പോർട്ട് പ്രോ വേരിയന്റിന് 69,999 രൂപയുമാണ് വില. സൈക്കിൾ വ്യവസായത്തിലെ പ്രീമിയം വാഹനഘടകങ്ങൾ ഉപയോഗിച്ചപ്പോഴും ഇരു മോഡലുകൾക്കും മൽസരാധിഷ്ഠിതമായി വില നിശ്ചയിക്കാൻ കമ്പനിക്ക് കഴിഞ്ഞു. വൈറ്റ്, യെല്ലോ എന്നിവയാണ് രണ്ട് കളർ ഓപ്ഷനുകൾ. വാൻമോട്ടോ.കോം എന്ന ഔദ്യോഗിക വെബ്സൈറ്റ് വഴി ബുക്ക് ചെയ്യാം. ടെസ്റ്റ് റൈഡ് സൗകര്യം ലഭ്യമാണ്. തൽക്കാലം കമ്പനി നേരിട്ട് സർവീസ് നടത്തും. അധികം വൈകാതെ ഡീലർഷിപ്പുകൾ ആരംഭിക്കും. രണ്ട് വർഷ വാറന്റി വാഗ്ദാനം ചെയ്യുന്നു. കൊച്ചിയിൽ 24 മണിക്കൂറിനുള്ളിൽ ഡെലിവറി ചെയ്യും. സംസ്ഥാനത്തെ മറ്റിടങ്ങളിൽ ഡെലിവറി ചെയ്യുന്നതിന് പരമാവധി രണ്ട് ദിവസം മാത്രം. ■

# കേരളത്തിന്റെ അഭിമാനം

ആഗോള വിപണി കൂടി മുന്നിൽ കണ്ടാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതെന്ന് വാൻ ഇലക്ട്രിക് മോട്ടോ സ്ഥാപകനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ ജിത്തു സുകുമാരൻ നായർ പറഞ്ഞു. ആഗോളതലത്തിൽ സ്വാധീനശക്തിയാകാൻ കഴിയുന്ന ബ്രാൻഡായി മാറുകയാണ് ലക്ഷ്യം. ആഗോള വിപണിയിൽ ഇന്ത്യയിൽ നിന്ന് ഉന്നത നിലവാരമുള്ള ഇ-മൊബിലിറ്റി ബ്രാൻഡ് എന്ന ഖ്യാതി ലക്ഷ്യമാക്കിയാണ് മുന്നോട്ട് നീങ്ങുന്നത്. കേരളത്തിന് അഭിമാനിക്കാവുന്നതാണ് കൊച്ചി വരാപ്പുഴയിൽ നിന്ന് ഉയർന്നുവന്ന ഈ ഇലക്ട്രിക് മൊബിലിറ്റി സ്റ്റാർട്ട് അപ്പ്. യൂറോപ്പിൽ ഡിസൈൻ ചെയ്ത് കേരളത്തിൽ ജനിച്ച അർബൻസ്പോർട്ട് സീരീസ് എല്ലാ പ്രായക്കാരുടെയും പ്രിയപ്പെട്ട വാഹനങ്ങളായി മാറുമെന്ന് ജിത്തു സുകുമാരൻ നായർ പ്രതീക്ഷ പ്രകടിപ്പിച്ചു. നിലവാരവും സൗകര്യവുമുള്ള ഉൽപ്പന്നങ്ങൾ പ്രീമിയം സെഗ്മെന്റിൽ അവതരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

വരാപ്പുഴയിലാണ് വാൻ ഇലക്ട്രിക് മോട്ടോയുടെ അസംബ്ലി പ്ലാന്റ് പ്രവർത്തിക്കുന്നത്. നിലവിൽ പ്രതിമാസം 2000 യൂണിറ്റ് ഇവിടെ അസംബിൾ ചെയ്യുന്നു. നിലവിലെ ഉൽപ്പന്നങ്ങൾ ഉൾപ്പെടെ സമീപഭാവിയിൽ ആകെ നാല് മോഡലുകൾ അവതരിപ്പിക്കുകയാണ് ലക്ഷ്യം. വൈവിധ്യമാർന്ന



*ജിത്തു സുകുമാരൻ നായർ*

ഇ-മൊബിലിറ്റി ഉൽപ്പന്നങ്ങൾ ഇന്ത്യൻ വിപണിയിൽ അവതരിപ്പിക്കും. തുടക്കത്തിൽ കൊച്ചി വിപണിയാണ് ലക്ഷ്യമിടുന്നത്. പിന്നീട് ഗോവ, ബെംഗളൂരു, ഹൈദരാബാദ്, മുംബൈ, ഡെൽഹി എന്നിവിടങ്ങളിലേക്ക് വിപണന ശൃംഖല വ്യാപിപ്പിക്കും. ഇന്ത്യ കൂടാതെ യൂറോപ്യൻ വിപണിക്ക് വലിയ പ്രാധാന്യം നൽകുന്നതായി വാൻ ഇലക്ട്രിക് മോട്ടോ വ്യക്തമാക്കി.

ആദ്യ ഘട്ടത്തിൽ ഇ-ബൈക്കുകൾ, ഇ-മോപെഡ്, ഇ-സ്കൂട്ടർ, ഇ-ബോട്ട്, കുട്ടികൾക്കുള്ള സൂപ്പർ ബൈക്ക്, വസ്ത്രങ്ങൾ തുടങ്ങിയ ഉൽപ്പന്നങ്ങളാണ് വിപണിയിലെത്തിക്കുന്നത്. സൈക്ലിംഗ് ഹെൽമറ്റുകൾ, സൈക്ലിംഗ് ജഴ്സികൾ എന്നിവ വാങ്ങാൻ കഴിയും. വാൻ സ്മാർട്ട്വാച്ചുകൾ, ഫിറ്റ്നസ് വാച്ചുകൾ എന്നിവ നിലവിൽ ആമസോണിലും ഫ്ളിപ്കാർട്ടിലും ലഭ്യമാണ്.

സ്കൂട്ടറും ബൈക്കും

> സ്കൂട്ടർ, മോപെഡ് എന്നിവ മേക്ക് ഇൻ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർണമായും തദ്ദേശീയമായി നിർമിക്കും

സമന്വയിപ്പിച്ച് ഇലക്ട്രിക് മോപെഡ് വിപണിയിലെത്തിക്കുന്നതും വാൻ ഇലക്ട്രിക് മോട്ടോയുടെ പദ്ധതിയാണ്. രണ്ട് ബാറ്ററി, 120 കിമീ റേഞ്ച്, മണിക്കൂറിൽ 80 കിമീ വേഗത എന്നീ സവിശേഷതകളോടെ ഹൈ സ്പീഡ് ഇലക്ട്രിക് മോപെഡ് പുറത്തിറക്കുന്നത് ബി2ബി സെഗ്മെന്റ് ലക്ഷ്യം വെച്ചാണ്. സ്കൂട്ടർ, മോപെഡ് എന്നിവ മേക്ക് ഇൻ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർണമായും തദ്ദേശീയമായി നിർമിക്കും. ഇതിനായി പ്രത്യേക പ്ലാന്റ് സജ്ജീകരിക്കും. 90 ശതമാനം വാഹനഘടകങ്ങളും തദ്ദേശീയമായി ശേഖരിക്കും. ഇരു മോഡലുകളുടെയും ബാറ്ററി സ്വാപ്പ് ചെയ്യാൻ കഴിയും. പ്രീമിയം ഇലക്ട്രിക് ബോട്ടുകളാണ് മറ്റൊരു ഉൽപ്പന്നം.

കഴിഞ്ഞ സെപ്റ്റംബറിൽ ഏഷ്യൻ എനർജി സർവീസസ് ലിമിറ്റഡിൽ നിന്ന് ആറ് കോടിയോളം രൂപയുടെ ഫണ്ടിംഗ് കരസ്ഥമാക്കിയിരുന്നു. സ്റ്റാർട്ട് അപ്പ് ഇന്ത്യയുടെയും കേരള സ്റ്റാർട്ട് അപ്പ് മിഷന്റെയും അംഗീകാരം ലഭിച്ച വാൻ ഇലക്ട്രിക് മോട്ടോയിൽ കൂടുതൽ നിക്ഷേപകർ ഇതിനകം താൽപ്പര്യം പ്രകടിപ്പിച്ചുകഴിഞ്ഞു. ■



# വിജയഗാഥ ആവർത്തിക്കാൻ

## ഹോണ്ട സിറ്റി ഇ:എച്ച്ഇവി

ഹോണ്ട സിറ്റി സെഡാന്റെ പ്യുവർ ഹൈബ്രിഡ് വേർഷൻ ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. 19.50 ലക്ഷം രൂപയാണ് ഡെൽഹി എക്സ് ഷോറൂം വില. ഫുള്ളി ലോഡഡ് സെഡ് എക്സ് വേരിയന്റിൽ ലഭിക്കും. സ്റ്റാൻഡേഡ് ഹോണ്ട സിറ്റി പെട്രോൾ സിവിടി മോഡലിനേക്കാൾ 4-4.5 ലക്ഷം രൂപ കൂടുതലാണ്. ഹോണ്ട സിറ്റി ഹൈബ്രിഡുമായി സ്വന്തം സെഗ്മെന്റിൽ നേരിട്ട് മൽസരിക്കാൻ ആരുമില്ല. ഉടൻ ഡെലിവറി ആരംഭിക്കുമെന്ന് ഹോണ്ട കാർസ് ഇന്ത്യ അറിയിച്ചു.

1.5 ലിറ്റർ അറ്റ്കിൻസൺ സൈക്കിൾ പെട്രോൾ എൻജിനാണ് ഹോണ്ട സിറ്റി ഇ:എച്ച്ഇവിയുടെ പ്രധാന പവർ സ്രോതസ്സ്. പെട്രോൾ മോട്ടോർ 96 ബിഎച്ച്പി, ട്രാക്ഷൻ മോട്ടോർ 107 ബിഎച്ച്പി, ജനറേഷൻ മോട്ടോർ 94 ബിഎച്ച്പി എന്നിങ്ങനെ ഉൽപ്പാദിപ്പിക്കും. ആകെ പരമാവധി 125 ബിഎച്ച്പി കരുത്തും 253 എൻഎം ടോർക്കും പുറത്തെടുക്കും. ഇ-സിവിടി സിംഗിൾ സ്പീഡ് ട്രാൻസ്മിഷനുമായി മോട്ടോറുകൾ ഘടിപ്പിച്ചു. സിറ്റി ഹൈബ്രിഡിൽ 26.5 കിലോമീറ്റർ ഇന്ധനക്ഷമത ലഭിക്കുമെന്ന് ഹോണ്ട അവകാശപ്പെടുന്നു.

കാഴ്ച്ചയിൽ, സ്റ്റാൻഡേഡ് പതിപ്പിനേക്കാൾ ചെറിയ ചില സൗന്ദര്യവർധക മാറ്റങ്ങൾ ഹോണ്ട സിറ്റി ഹൈബ്രിഡ് വേർഷനിൽ കാണാം. ഹൈബ്രിഡ് സ്വഭാവം ഉയർത്തിക്കാട്ടുന്നതിന് മുന്നിലെയും പിന്നിലെയും ലോഗോകൾക്ക് നീല ബോർഡർ നൽകി. ഫോഗ് ലാംപ് ഹൗസിംഗുകൾക്ക് ക്ലോ ടൈപ്പ് ഡിസൈൻ ലഭിച്ചു. പിറകിൽ ബൂട്ട് സ്പോയ്‌ലർ, കാർബൺ ഫൈബർ പാറ്റേണിലുള്ള ഡിഫ്യൂസർ എന്നിവ നൽകി.

അകത്ത്, ഡുവൽ ടോൺ ഐവറി, ബ്ലാക്ക് തീം സഹിതം ലെതററ്റ് അപ്ഹോൾസ്റ്ററി, ഓട്ടോ ഹോൾഡ് ഫംഗ്ഷനോടുകൂടി ഇലക്ട്രിക് പാർക്കിംഗ് ബ്രേക്ക് എന്നിവ

**ഡെൽഹി എക്സ് ഷോറൂം വില 19.50 ലക്ഷം രൂപ**

കൂടാതെ ലെയ്ൻ കീപ്പ് അസിസ്റ്റ്, ലെയ്ൻ ഡിപ്പാർച്ചർ വാണിംഗ്, അഡാപ്റ്റീവ് ക്രൂസ് കൺട്രോൾ, ഹൈ ബീം അസിസ്റ്റ്, കൊളീഷൻ മിറ്റിഗേഷൻ ബ്രേക്കിംഗ് തുടങ്ങിയ അഡാസ് ഫീച്ചറുകളും നൽകി. ആറ് എയർബാഗുകൾ, ലെയ്ൻ വാച്ച് ക്യാമറ, ഹിൽ സ്റ്റാർട്ട് അസിസ്റ്റ്, ടയർ പ്രഷർ മോണിറ്ററിംഗ് സിസ്റ്റം എന്നിവ പാസീവ് സുരക്ഷാ ഫീച്ചറുകളിൽ ഉൾപ്പെടുന്നു. ടെലിമാറ്റിക്സിന്റെ കാര്യത്തിൽ, 'ഹോണ്ട കണക്ട്' ഇപ്പോൾ അലക്സ, ഗൂഗിൾ എന്നിവയുമായി പൊരുത്തപ്പെടും. കൂടാതെ റിമോട്ട് എൻജിൻ സ്റ്റാർട്ട്, ഡോർ ലോക്ക്/അൺലോക്ക്, എസി ഓൺ/ഓഫ് എന്നിങ്ങനെ മറ്റ് ഫംഗ്ഷനുകളും ലഭ്യമാണ്.



# കൊച്ചിയിൽ രണ്ടാമത്തെ 'ബ്ലൂ സ്ക്വയർ' തുറന്നു

കൊച്ചിയിൽ യമഹയുടെ പുതിയ 'ബ്ലൂ സ്ക്വയർ' പ്രീമിയം ഔട്ട്ലെറ്റ് പ്രവർത്തനമാരംഭിച്ചു. നഗരത്തിലെ രണ്ടാമത്തെ ബ്ലൂ സ്ക്വയർ ഔട്ട്ലെറ്റാണ് ഉദ്ഘാടനം ചെയ്തത്. രാജ്യമാകെ കൂടുതൽ ബ്ലൂ സ്ക്വയർ പ്രീമിയം ഔട്ട്ലെറ്റുകൾ തുറക്കുന്നതിന്റെ ഭാഗമായാണ് കൊച്ചിയിൽ പുതിയ ഷോറൂം തുറന്നത്.

പെരിങ്ങാട്ട് മോട്ടോഴ്സിനാണ് ഡീലർഷിപ്പ്. 1,451 ചതുരശ്ര അടി വിസ്തൃതിയുള്ളതാണ് ഷോറൂം. യമഹ ഇരുചക്ര വാഹനങ്ങളുടെ വിൽപ്പന, സർവീസ്, സ്പെയർ പാർട്ടുകൾ എന്നിവ ഇവിടെ ലഭ്യമായിരിക്കും.

യമഹയ്ക്ക് ദക്ഷിണേന്ത്യൻ വിപണി വളരെ പ്രധാനപ്പെട്ടതാണെന്നും ഈ പ്രീമിയം ഔട്ട്ലെറ്റുകൾ മേഖലയിൽ കമ്പനിയുടെ സാന്നിധ്യം വിപുലീകരിക്കുന്നതിന് കൂടുതൽ സഹായിക്കുമെന്നും ചടങ്ങിൽ സംസാരിച്ച യമഹ മോട്ടോർ ഇന്ത്യ ഗ്രൂപ്പ് ഓഫ് കമ്പനീസ് ചെയർമാൻ ഏഷിൻ ചിഹാന പറഞ്ഞു.






യമഹ മോട്ടോർസൈക്കിളുകൾ, ആക്സസറികൾ, വസ്ത്രങ്ങൾ, സ്പെയർ പാർട്സ് എന്നിവ പ്രീമിയം ഔട്ട്ലെറ്റിൽ പ്രദർശിപ്പിക്കും. ഉപയോക്താക്കൾക്കായി കഫേ ഉണ്ടായിരിക്കും. ഇതോടെ കേരളത്തിലെ ബ്ലൂ സ്ക്വയർ ഷോറൂമുകൾ ആകെ നാലെണ്ണമായി വർധിച്ചു. രാജ്യമാകെ 63 ബ്ലൂ സ്ക്വയർ പ്രീമിയം ഔട്ട്ലെറ്റുകളാണ് പ്രവർത്തിക്കുന്നത്.

# 437 കിമീ റേഞ്ചുമായി ടാറ്റ നെക്സോൺ ഇവി മാക്സ്

ഒറ്റ പൂർണ ചാർജിൽ 312 കിലോമീറ്ററാണ് ടാറ്റ നെക്സോൺ ഇവിയുടെ റേഞ്ച്. കൂടുതൽ ദീർഘദൂര യാത്രകൾ ചെയ്യുന്നവർക്കായി നെക്സോൺ ഇവിയുടെ പുതിയൊരു വേർഷൻ ടാറ്റ മോട്ടോഴ്സിന്റെ പദ്ധതിയായിരുന്നു. തങ്ങളുടെ ഉപയോക്താക്കൾക്ക് മാക്സിമം എക്സ്പീരിയൻസ് നൽകുന്നതിന് 437 കിലോമീറ്റർ റേഞ്ചും മുപ്പതിലധികം പുതിയ ഫീച്ചറുകളുമായി നെക്സോൺ ഇവി മാക്സ് വിപണിയിൽ എത്തിച്ചിരിക്കുകയാണ് ടാറ്റ മോട്ടോഴ്സ്.

എക്സ്സെഡ് പ്ലസ്, എക്സ്സെഡ് പ്ലസ് ലക്സ് എന്നീ രണ്ട് വേരിയന്റുകളിൽ പുതിയ ലോംഗ് റേഞ്ച് വേർഷൻ ലഭിക്കും. 17.74 ലക്ഷം രൂപ മുതലാണ് രാജ്യമെങ്ങും എക്സ് ഷോറൂം വില. നെക്സോൺ ഇവി മാക്സ് മോഡലിന് മാത്രമായി പുതുതായി ഇന്റൻസി-ടീൽ എന്ന കളർ ഓപ്ഷൻ ലഭ്യമാണ്. ഡേടോണ ഗ്രേ, പ്രിസ്റ്റീൻ വൈറ്റ് എന്നിവയാണ് മറ്റ് ഓപ്ഷനുകൾ. ഡുവൽ-ടോൺ ബോഡി കളർ സ്റ്റാൻഡേഡായി ലഭിക്കും. എംജി സെഡ്എസ് ഇവി, ഹ്യുണ്ടായ് കോന ഇലക്ട്രിക് എന്നിവയാണ് എതിരാളികൾ.

40.5 കിലോവാട്ട് ഔർ ലിഥിയം അയൺ ബാറ്ററി പായ്ക്കാണ് നെക്സോൺ ഇവി മാക്സ് ഉപയോഗിക്കുന്നത്. 33 ശതമാനം ഉയർന്ന ബാറ്ററി ശേഷി. 141 ബിഎച്ച്പി കരുത്തും 250 എൻഎം ടോർക്കും പുറപ്പെടുവിക്കുന്ന പെർമനന്റ് മാഗ്നറ്റ് സിങ്ക്രണസ് എസി മോട്ടോറിന് ഈ ബാറ്ററി പായ്ക്ക് കരുത്തേകും. ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യ സാക്ഷ്യപ്പെടുത്തിയത് അനുസരിച്ച് ഒറ്റ പൂർണ ചാർജിൽ 437 കിലോമീറ്റർ സഞ്ചരിക്കാം. പൂജ്യത്തിൽ നിന്ന് മണിക്കൂറിൽ നൂറ് കിലോമീറ്റർ വേഗമാർജിക്കാൻ ഒമ്പത് സെക്കൻഡിൽ താഴെ സമയം മതി. മണിക്കൂറിൽ 140 കിലോമീറ്ററായി ടോപ് സ്പീഡ് ഇലക്ട്രോണിക്കലായി പരിമിതപ്പെടുത്തി. ഐപി67











റേറ്റഡ് ലിഥിയം അയൺ ബാറ്ററി പായ്ക്കിനും മോട്ടോറിനും 8 വർഷം അല്ലെങ്കിൽ 1,60,000 കിലോമീറ്റർ വാറന്റി ലഭ്യമാണ്.

3.3 കിലോവാട്ട് ചാർജർ അല്ലെങ്കിൽ 7.2 കിലോവാട്ട് എസി ഫാസ്റ്റ് ചാർജർ ഉപയോഗിച്ച് ടാറ്റ നെക്സോൺ ഇവി മാക്സ് ചാർജ് ചെയ്യാൻ കഴിയും.
രണ്ടാമത്തെ ചാർജർ ഉപയോഗിച്ച് വാഹനം റീചാർജ് ചെയ്യുന്നതിന് 6.5 മണിക്കൂർ വേണം. 50 കിലോവാട്ട് ഡിസി ഫാസ്റ്റ് ചാർജർ ഉപയോഗിച്ചാൽ 0-80 ശതമാനം റീചാർജ് ചെയ്യുന്നതിന് 56 മിനിറ്റ് മാത്രം മതി.

**നെക്സോൺ ഇവി മാക്സ് മോഡലിന് മാത്രമായി പുതുതായി ഇന്റൻസി-ടീൽ എന്ന കളർ ഓപ്ഷൻ ലഭ്യമാണ്**

സിറ്റി, സ്പോർട്ട്, ഇക്കോ എന്നീ മൂന്ന് ഡ്രൈവ് മോഡുകളോടെയാണ് നെക്സോൺ ഇവി മാക്സ് വരുന്നത്.
ആക്റ്റീവ് മോഡ് കാണിക്കുന്ന പുതിയ ഡ്രൈവ് മോഡ് സെലക്ടർ ഈ മോഡലിൽ അവതരിപ്പിച്ചു. ലെതററ്റ് അപ്ഹോൾസ്റ്ററി, മുൻ നിരയിൽ വെന്റിലേറ്റഡ് സീറ്റുകൾ, എയർ പ്യൂരിഫയർ, വയർലെസ് ചാർജിംഗ്, ഓട്ടോ-ഡിമ്മിംഗ് ഐആർവിഎം, ക്രൂസ് കൺട്രോൾ എന്നിവയാണ് മറ്റ് വിശേഷങ്ങൾ. 48 കണക്റ്റഡ് കാർ ഫീച്ചറുകൾ വാഗ്ദാനം ചെയ്യുന്നതാണ് സെഡ്കണക്റ്റ് ആപ്പ്.

4 ലെവലുകൾ സഹിതം മൾട്ടി മോഡ് റീജനറേഷൻ, റോഡിലെ മറ്റുള്ളവർക്ക് മുന്നറിയിപ്പ് നൽകുന്നതിനായി ഓട്ടോ ബ്രേക്ക് ലാംപുകൾ എന്നിവ ലഭിച്ചു. ഐ-വിബാക് (ഇന്റലിജന്റ്-വാകംലെസ് ബൂസ്റ്റ് ആൻഡ് ആക്റ്റീവ് കൺട്രോൾ) സഹിതം ഇഎസ്പി, ഹിൽ ഹോൾഡ് കൺട്രോൾ, ഹിൽ ഡിസന്റ് കൺട്രോൾ, ഓട്ടോ ഹോൾഡ് സഹിതം ഇലക്ട്രോണിക് പാർക്കിംഗ് ബ്രേക്ക്, നാല് ചക്രങ്ങളിലും ഡിസ്ക് ബ്രേക്ക് എന്നിവ സവിശേഷതകളാണ്.

| | | |
|---|---|---|
| എക്സ്സെഡ് പ്ലസ് | 3.3 കിലോവാട്ട് | 17.74 ലക്ഷം രൂപ |
| എക്സ്സെഡ് പ്ലസ് | 7.2 കിലോവാട്ട് എസി ഫാസ്റ്റ് ചാർജർ | 18.24 ലക്ഷം രൂപ |
| എക്സ്സെഡ് പ്ലസ് ലക്സ് | 3.3 കിലോവാട്ട് | 18.74 ലക്ഷം രൂപ |
| എക്സ്സെഡ് പ്ലസ് ലക്സ് | 7.2 കിലോവാട്ട് എസി ഫാസ്റ്റ് ചാർജർ | 19.24 ലക്ഷം രൂപ |

■



# കൊച്ചിയിൽ ആവേശമായി
# ബിഎംഡബ്ല്യു ജോയ്ഫെസ്റ്റ്

ബിഎംഡബ്ല്യു ഇന്ത്യയുടെ എക്സ്ക്ലൂസീവ് ഡ്രൈവിംഗ് പ്രോഗ്രാമായ ബിഎംഡബ്ല്യു ജോയ്ഫെസ്റ്റ് കൊച്ചിയിൽ സംഘടിപ്പിച്ചു. മെയ് 07, 08 തീയതികളിലായി അങ്കമാലി അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിലാണ് ജോയ്ഫെസ്റ്റ് നടന്നത്. ഉപയോക്താക്കൾക്കും ഭാവി ഉപയോക്താക്കൾക്കും ബിഎംഡബ്ല്യു കാറുകളുടെ 'ഷീർ ഡ്രൈവിംഗ് പ്ലഷർ', മിനി കാറുകളുടെ 'ഗോ-കാർട്ട് ഫീലിംഗ്' എന്നിവ നേരിട്ട് അനുഭവിക്കാൻ അവസരമൊരുക്കുകയാണ് ബിഎംഡബ്ല്യു ജോയ്ഫെസ്റ്റിലൂടെ ബിഎംഡബ്ല്യു ഇന്ത്യ ചെയ്യുന്നത്. ബിഎംഡബ്ല്യു, മിനി, ബിഎംഡബ്ല്യു മോട്ടോറാഡ് ഉൽപ്പന്നങ്ങൾ ഒരേ വേദിയിൽ അനുഭവിച്ചറിയാൻ കഴിയും. രാജ്യത്തെ പതിമൂന്ന് നഗരങ്ങളിലാണ് ബിഎംഡബ്ല്യു ജോയ്ഫെസ്റ്റ് നടത്തുന്നത്.





ബിഎംഡബ്ല്യു, മിനി കാറുകളുടെ ഡ്രൈവിംഗ് ഡൈനാമിക്സ്, ആധുനിക പ്രവർത്തനക്ഷമത, ഉയർന്ന പെർഫോമൻസ് എന്നിവ രണ്ട് ദിവസത്തെ പരിപാടിയിൽ തെളിയിക്കപ്പെട്ടു. വിദഗ്ധരുടെ മേൽനോട്ടത്തിൽ ഏറ്റവും പുതിയ വാഹനങ്ങൾ ടെസ്റ്റ് ഡ്രൈവ് നടത്താനും പ്രൊഡക്ട് എക്സ്പെർട്ടുകളുമായി സംവദിക്കാനും ഉപയോക്താക്കൾക്ക് കഴിഞ്ഞു. സ്ലാലോം, ഫാസ്റ്റ് ലാപ്സ്, കോർണർ ബ്രേക്കിംഗ്, എമർജൻസി ബ്രേക്കിംഗ് തുടങ്ങിയ ടെക്നിക്കുകളും ഡ്രൈവിംഗ് എറ്റിക്വെറ്റുകളും സംബന്ധിച്ച് ബിഎംഡബ്ല്യു സർട്ടിഫൈഡ് പരിശീലകർ വിലപ്പെട്ട ഉപദേശങ്ങൾ നൽകി. ഏറ്റവും പുതിയ ബിഎംഡബ്ല്യു സെഡാനുകൾ, സ്പോർട്സ് ആക്റ്റിവിറ്റി വെഹിക്കിളുകൾ (എസ്എവി), മിനി കാറുകൾ എന്നിവ ടെസ്റ്റ് ഡ്രൈവിന് ലഭ്യമായിരുന്നു. ബിഎംഡബ്ല്യു എം340ഐ എക്സ്ഡ്രൈവ്, ബിഎംഡബ്ല്യു മോട്ടോറാഡ് ബൈക്കുകൾ എന്നിവ പരിപാടിയിൽ പ്രത്യേകം പ്രദർശിപ്പിച്ചു.

**മെയ് 07, 08 തീയതികളിലായി അങ്കമാലി അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിലാണ് ബിഎംഡബ്ല്യു ജോയ്ഫെസ്റ്റ് നടന്നത്**

പ്രത്യേക ഓഫറുകൾ വാഗ്ദാനം ചെയ്ത് മൂന്ന് ബ്രാൻഡുകളുടെയും മെർച്ചൻഡൈസുകളും ആക്സസറികളും 'ലൈഫ്സ്റ്റൈൽ' സോണിൽ പ്രദർശിപ്പിച്ചു. കുട്ടികൾ ഉൾപ്പെടെ മുഴുവൻ കുടുംബാംഗങ്ങൾക്കും എല്ലാവിധ വിനോദങ്ങളും ഉറപ്പാക്കുന്നതിന് സ്പെഷൽ ഗെയിമിംഗ് സോൺ സജ്ജീകരിച്ചു. എയർ ഹോക്കി, ഫൂസ്ബോൾ, സിമുലേറ്റർ അടിസ്ഥാനമാക്കിയ റേസിംഗ് തുടങ്ങിയ ഗെയിമുകൾ ധാരാളം സമ്മാനങ്ങൾ നേടാനുള്ള അവസരത്തോടെ കളിക്കാൻ പങ്കെടുത്തവർക്ക് സാധിച്ചു. ■



# വിജയവഴിയിൽ മുന്നേറാൻ
# പുതിയ ഗ്ലാൻസ




2022 ടൊയോട്ട ഗ്ലാൻസ ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. ഇ, എസ്, ജി, വി എന്നീ നാല് വേരിയന്റുകളിൽ ഹാച്ച്ബാക്ക് ലഭിക്കും. 6.39 ലക്ഷം രൂപ മുതലാണ് എക്സ് ഷോറൂം വില. അഞ്ച് വർഷം / 2,20,000 കിമീ വരെ വാറന്റി ലഭ്യമാണ്.

2022 മാരുതി സുസുകി ബലേനോ അടിസ്ഥാനമാക്കിയതാണ് പുതിയ ഗ്ലാൻസ. സവിശേഷ ഗ്രിൽ, പുതുക്കിപ്പണിത ബംപറുകൾ എന്നിവ പരിഷ്കരിച്ച മോഡലിന് ലഭിച്ചു. കാറിന്റെ പിൻഭാഗത്ത് മാറ്റമില്ലെന്ന് തോന്നുന്നു. ബലേനോയുടെ അതേ ടെയിൽ ലാംപ് ക്ലസ്റ്ററുകൾ നൽകി.

ഗ്ലാൻസയുടെ ഉൾവശം മാരുതി സുസുകി ബലേനോയുടേതിന് ഏകദേശം സമാനമാണ്. ഡ്യുവൽ ടോൺ ഡാഷ്ബോർഡ്, മധ്യഭാഗത്ത് 9 ഇഞ്ച് വലുപ്പമുള്ള ഫ്ളോട്ടിംഗ് ടച്ച്സ്ക്രീൻ ഇൻഫൊടെയ്ൻമെന്റ് ഹെഡ് യൂണിറ്റ്, ഫ്ളാറ്റ് ബോട്ടം സ്റ്റിയറിംഗ് വളയം, ടിൻ ഡയൽ ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ എന്നിവ ലഭിച്ചു. ബലേനോയുടെയും ഗ്ലാൻസയുടെയും ഫീച്ചർ ലിസ്റ്റ് സമാനമാണ്. ആറ് എയർബാഗുകൾ, ഹെഡ്സ് അപ്പ് ഡിസ്പ്ലേ, 360 ഡിഗ്രി ക്യാമറ, ഓട്ടോമാറ്റിക് ക്ലൈമറ്റ് കൺട്രോൾ, ക്രൂസ് കൺട്രോൾ, ഇഎസ്പി എന്നിവ നൽകി.

> 2022 മാരുതി സുസുകി ബലേനോ അടിസ്ഥാനമാക്കിയതാണ് പുതിയ ഗ്ലാൻസ

1.2 ലിറ്റർ, 4 സിലിണ്ടർ പെട്രോൾ എൻജിനാണ് പുതിയ ഗ്ലാൻസ ഉപയോഗിക്കുന്നത്. ഈ മോട്ടോർ പരമാവധി 89 ബിഎച്ച്പി കരുത്തും 113 എൻഎം ടോർക്കും ഉൽപ്പാദിപ്പിക്കും. ബലേനോ ഉപയോഗിക്കുന്ന അതേ കെ12എൻ ഡ്യുവൽജെറ്റ് എൻജിനാണിത്. 5 സ്പീഡ് മാനുവൽ, 5 സ്പീഡ് എഎംടി എന്നിവയാണ് ട്രാൻസ്മിഷൻ ഓപ്ഷനുകൾ.

# എളുപ്പം വായ്പ:
# ഹീറോ ഇലക്ട്രിക് – ആക്സിസ് ബാങ്ക് സഹകരണം

മുഴുവൻ ഉൽപ്പന്നങ്ങൾക്കും എളുപ്പത്തിൽ തടസരഹിതമായ റീട്ടെയ്ൽ വായ്പ ലഭ്യമാക്കുന്നതിന് ആക്സിസ് ബാങ്കുമായി ഹീറോ ഇലക്ട്രിക് പുതിയ പങ്കാളിത്തം സ്ഥാപിച്ചു. ഇലക്ട്രിക് ഇരുചക്രവാഹന കമ്പനിയുടെ 750 ലധികം വരുന്ന ഡീലർമാരിൽ നിന്ന് ഉപയോക്താക്കൾക്ക് വായ്പ തെരഞ്ഞെടുക്കാം. ഉപയോക്താക്കൾക്കും ഡീലർമാർക്കും ഇഷ്ടാനുസൃതമാക്കിയ വായ്പാതുകയും കാലാവധിയും ആക്സിസ് ബാങ്ക് ലഭ്യമാക്കും. ഹീറോ ഇലക്ട്രിക് ഉപയോക്താക്കൾക്ക് കുറഞ്ഞ ഡോക്യുമെന്റേഷനിൽ നിരവധി മൂല്യവർധിത സാമ്പത്തിക ആനുകൂല്യങ്ങളും ഈ സഹകരണത്തിലൂടെ ലഭിക്കും.

കഴിഞ്ഞ കുറച്ച് മാസങ്ങളായി വൈദ്യുത വാഹനങ്ങളുടെ ആവശ്യകതയിൽ വലിയ വർധന കാണുന്നതായും ഇലക്ട്രിക് മൊബിലിറ്റിയിലേക്ക് പരിവർത്തനം ചെയ്യുന്നതിനും തങ്ങളുടെ ഉപയോക്താക്കളുടെ ഇലക്ട്രിക് ഇരുചക്രവാഹന ഉടമസ്ഥതാ അനുഭവം മെച്ചപ്പെടുത്തുന്നതിനും പ്രതിജ്ഞാബദ്ധമാണെന്ന് ഹീറോ ഇലക്ട്രിക് സിഇഒ സോഹിന്ദർ ഗിൽ പ്രസ്താവിച്ചു.

ഹീറോ ഇലക്ട്രിക്കുമായി സഹകരിച്ച് അവരുടെ ഉപയോക്താക്കൾക്കും ഡീലർമാർക്കും മികച്ച സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുന്നതിന് സന്തോഷമുണ്ടെന്ന് ആക്സിസ് ബാങ്ക് റീട്ടെയ്ൽ ലെൻഡിംഗ് ആൻഡ് പെയ്മെന്റ്സ് തലവനും ഗ്രൂപ്പ് എക്സിക്യൂട്ടീവുമായ സുമിത് ബാലി വ്യക്തമാക്കി. ഇന്ത്യയിലുടനീളമുള്ള തങ്ങളുടെ മികച്ച റീട്ടെയ്ൽ ബാങ്കിംഗ് ശൃംഖല ഉപയോക്താക്കൾക്ക് സൗകര്യപ്രദവും തടസരഹിതവുമായ അനുഭവം നൽകുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

# ടാറ്റ അൾട്രോസ് ഡിസിഎ വിപണിയിൽ

ടാറ്റ അൾട്രോസ് ഡിസിഎ (ഡ്യുവൽ ക്ലച്ച് ഓട്ടോ മാറ്റിക്) ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. 8.10 ലക്ഷം രൂപ മുതലാണ് എക്സ് ഷോറൂം വില. എക്സ്എംഎ പ്ലസ് (8,09,900 രൂപ), എക്സ്ടിഎ (8,59,900 രൂപ), എക്സ്സെഡ്എ (9,09,900 രൂപ), എക്സ്സെഡ്എ (ഒ) (9,21,900 രൂപ), എക്സ്സെഡ്എ പ്ലസ് (9,59,900 രൂപ), എക്സ്ടിഎ ഡാർക്ക് (9,05,900 രൂപ), എക്സ്സെഡ്എ പ്ലസ് ഡാർക്ക് (9,89,900 രൂപ) എന്നീ ഏഴ് വേരിയന്റുകളിൽ ഹാച്ച്ബാക്ക് ലഭിക്കും. ഓപ്പറ ബ്ലൂ (പുതിയത്), ഡൗൺ ടൗൺ റെഡ്, അവന്യൂ വൈറ്റ്, ആർക്കേഡ് ഗ്രേ, ഹാർബർ ബ്ലൂ, കോസ്മോ ഡാർക്ക് എന്നിവയാണ് ആറ് കളർ ഓപ്ഷനുകൾ.




1.2 ലിറ്റർ നാച്ചുറലി ആസ്പിറേറ്റഡ് പെട്രോൾ എൻജിനാണ് അൾട്രോസ് ഓട്ടോമാറ്റിക്കിന് കരുത്തേകുന്നത്. ഈ മോട്ടോർ 85 ബിഎച്ച്പി കരുത്തും 113 എൻഎം ടോർക്കും പരമാവധി ഉൽപ്പാദിപ്പിക്കും. എൻജിനുമായി 7 സ്പീഡ് ഡ്യുവൽ ക്ലച്ച് ഓട്ടോമാറ്റിക് ട്രാൻസ്മിഷൻ ഘടിപ്പിച്ചു. സാധാരണ ഡിസിടിയെ അപേക്ഷിച്ച് 35 ശതമാനം കുറച്ച് ഘടകങ്ങൾ മാത്രമാണ് ടാറ്റ അൾട്രോസിലെ ഡ്യുവൽ ക്ലച്ച് യൂണിറ്റ് ഉപയോഗിക്കുന്നത്. സിംഗിൾ ലേഷാഫ്റ്റ് കൂടാതെ 20 ഗിയറുകൾക്ക് പകരം പ്ലാനറ്ററി ഗിയർ 2 സിസ്റ്റം സഹിതം 13 ഗിയറുകൾ നൽകി.
ഡ്രൈ ക്ലച്ചുകൾ ഒരുമിച്ച് നൽകുന്നത് ഒരുപക്ഷേ അമിതമായി ചൂടാകുമെന്നതിനാൽ വെറ്റ് ക്ലച്ചുകളാണ് ഡിസിഎ ഉപയോഗിക്കുന്നത്. ടാറ്റ അൾട്രോസ് ഡിസിഎയുടെ മറ്റൊരു സവിശേഷതയാണ് ഓട്ടോ പാർക്ക് ലോക്ക്. കാർ പി മോഡിൽ ഇടാൻ ഡ്രൈവർ മറന്ന് പോവുകയാണെങ്കിൽ വാഹനം നീങ്ങുന്നത് ഈ സംവിധാനം ഓട്ടോമാറ്റിക്കായി തടയും. സീറ്റ്ബെൽറ്റ്, പെഡൽ പൊസിഷനുകൾ എന്നിവ നിരീക്ഷിക്കുകയാണ് ഇതിനായി ചെയ്യുന്നത്.

---

# ഡിഫൻസ് കാന്റീൻ സ്റ്റോറുകളിൽ ഹോണ്ട ബൈക്കുകൾ വാങ്ങാം

ഹോണ്ട ഹൈനസ് സിബി350, സിബി 350ആർഎസ് ബൈക്കുകൾ ഇനി രാജ്യത്തെ ഡിഫൻസ് കാന്റീൻ സ്റ്റോറുകളിലും ലഭിക്കും. വാർത്താക്കുറിപ്പിലാണ് ഹോണ്ട 2 വീലേഴ്സ് ഇന്ത്യ ഇക്കാര്യം പ്രഖ്യാപിച്ചത്. രാജ്യമെങ്ങുമുള്ള 35 സിഎസ്ഡി ഡിപ്പോകളിൽ നിന്ന് ഈ മോഡലുകൾ വാങ്ങാം. പ്രതിരോധ ഉദ്യോഗസ്ഥർക്കും സിഎസ്ഡി ഗുണഭോക്താക്കൾക്കും ഈ മോട്ടോർസൈക്കിളുകൾ കുറഞ്ഞ വിലയിൽ ലഭിക്കും.




ഹോണ്ട ഹൈനസ് സിബി350 ഡീലക്സ് വേരിയന്റിന് 1,70,580 രൂപയും (1,96,239 രൂപ) ഡീലക്സ് പ്രോ വേരിയന്റിന് 1,74,923 രൂപയും (2,01,239 രൂപ) ഹോണ്ട സിബി350ആർഎസ് ഡീലക്സ് വേരിയന്റിന് 1,74,923 രൂപയും (2,01,239 രൂപ) ഡീലക്സ് പ്രോ വേരിയന്റിന് 1,75,469 രൂപയുമാണ് (2,01,868 രൂപ) സിഎസ്ഡി സ്റ്റോറുകളിലെ വില. ബ്രാക്കറ്റിൽ നൽകിയിരിക്കുന്നത് പൊതുവിപണിയിലെ വില.

സിഎസ്ഡി അംഗീകരിച്ച പ്രത്യേക വിലയിൽ പ്രതിരോധ ഉദ്യോഗസ്ഥർക്കും സിഎസ്ഡി ഗുണഭോക്താക്കൾക്കും തങ്ങളുടെ പ്രിയപ്പെട്ട ഹോണ്ട 350 സിസി മോട്ടോർസൈക്കിളുകൾ വാങ്ങാൻ സൗകര്യമൊരുക്കുന്നതായി ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) വിൽപ്പന വിപണന വിഭാഗം ഡയറക്ടർ യാദവീന്ദർ സിംഗ് ഗുലേരിയ പറഞ്ഞു.

സിഎസ്ഡി പോർട്ടൽ രജിസ്ട്രേഷനും ഡീലർഷിപ്പ് തെരഞ്ഞെടുക്കുന്നതിനും മോഡൽ തെരഞ്ഞെടുക്കുന്നതിനുമായി സിഎസ്ഡി ഇന്ത്യ വെബ്സൈറ്റിൽ ലോഗിൻ ചെയ്താൽ മതി.

തെരഞ്ഞെടുത്ത ഡീലർ മോട്ടോർസൈക്കിളിന്റെ ലഭ്യത സ്ഥിരീകരിച്ചുകഴിഞ്ഞാൽ ഡീലർ രേഖകളും ഉപഭോക്തൃ രേഖകളും അപ്ലോഡ് ചെയ്യാം. അതിനുശേഷം ലോക്കൽ സപ്ലൈ ഓർഡറിന്റെ ഡിജിറ്റൽ പകർപ്പ് നൽകും. രാജ്യമെങ്ങുമുള്ള 35 സിഎസ്ഡി ഡിപ്പോകളിൽ നിന്ന് ഈ മോഡലുകൾ വാങ്ങാം

# ആത്മവിശ്വാസത്തോടെ
# കിയ കാറൻസ് എംപിവി

കിയ കാറൻസ് എംപിവി ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. 8.99 ലക്ഷം രൂപ മുതലാണ് എക്സ് ഷോറൂം പ്രാരംഭ വില. ഇന്ത്യയിൽ കിയ പുറത്തിറക്കുന്ന നാലാമത്തെ ഉൽപ്പന്നമാണ് കാറൻസ് എംപിവി. അഞ്ച് വേരിയന്റുകളിലും എട്ട് നിറങ്ങളിലും വാഹനം ലഭ്യമായിരിക്കും.

പവർട്രെയ്ൻ ഓപ്ഷനുകൾ പരിശോധിച്ചാൽ, 1.5 ലിറ്റർ നാച്ചുറലി ആസ്പിറേറ്റഡ് പെട്രോൾ എൻജിൻ പരമാവധി 112 ബിഎച്ച്പി കരുത്തും 144 എൻഎം ടോർക്കും ഉൽപ്പാദിപ്പിക്കും. എൻജിനുമായി 6 സ്പീഡ് മാനുവൽ ട്രാൻസ്മിഷൻ ഘടിപ്പിച്ചു. മറ്റൊരു ഓപ്ഷനായ 1.5 ലിറ്റർ ഡീസൽ മോട്ടോർ പുറപ്പെടുവിക്കുന്നത് പരമാവധി 112 ബിഎച്ച്പി കരുത്തും 250 എൻഎം ടോർക്കുമാണ്. 6 സ്പീഡ് മാനുവൽ, ഓട്ടോമാറ്റിക് ട്രാൻസ്മിഷനുകൾ ലഭ്യമാണ്. 1.4 ലിറ്റർ ടർബോ പെട്രോൾ എൻജിനാണ് മൂന്നാമത്തെ ഓപ്ഷൻ. പരമാവധി പുറത്തെടുക്കുന്നത് 136 ബിഎച്ച്പി കരുത്തും 242 എൻഎം ടോർക്കുമാണ്. 7 സ്പീഡ് ഡിസിടി മാത്രമാണ് ഈ എൻജിന്റെ ട്രാൻസ്മിഷൻ ഓപ്ഷൻ.

| പെട്രോൾ വേരിയന്റുകൾ | | |
|---|---|---|
| 1.5 പെട്രോൾ എംടി പ്രീമിയം | : | 8.99 ലക്ഷം രൂപ |
| 1.5 പെട്രോൾ എംടി പ്രസ്റ്റീജ് | : | 9.99 ലക്ഷം രൂപ |
| 1.4 പെട്രോൾ എംടി പ്രീമിയം | : | 10.99 ലക്ഷം രൂപ |
| 1.4 പെട്രോൾ എംടി പ്രസ്റ്റീജ് | : | 11.99 ലക്ഷം രൂപ |
| 1.4 പെട്രോൾ എംടി പ്രസ്റ്റീജ് പ്ലസ് | : | 13.49 ലക്ഷം രൂപ |
| 1.4 പെട്രോൾ എംടി ലക്ഷ്വറി | : | 14.99 ലക്ഷം രൂപ |
| 1.4 പെട്രോൾ എംടി ലക്ഷ്വറി പ്ലസ് | : | 6.19 ലക്ഷം രൂപ |
| 1.4 പെട്രോൾ ഡിസിടി പ്രസ്റ്റീജ് പ്ലസ് | : | 14.59 ലക്ഷം രൂപ |
| 1.4 പെട്രോൾ ഡിസിടി ലക്ഷ്വറി പ്ലസ് | : | 16.99 ലക്ഷം രൂപ |
| **ഡീസൽ വേരിയന്റുകൾ** | | |
| 1.5 ഡീസൽ എംടി പ്രീമിയം | : | 10.99 ലക്ഷം രൂപ |
| 1.5 ഡീസൽ എംടി പ്രസ്റ്റീജ് | : | 11.99 ലക്ഷം രൂപ |
| 1.5 ഡീസൽ എംടി പ്രസ്റ്റീജ് പ്ലസ് | : | 13.49 ലക്ഷം രൂപ |
| 1.5 ഡീസൽ എംടി ലക്ഷ്വറി | : | 14.99 ലക്ഷം രൂപ |
| 1.5 ഡീസൽ എംടി ലക്ഷ്വറി പ്ലസ് | : | 16.19 ലക്ഷം രൂപ |
| 1.5 ഡീസൽ എടി ലക്ഷ്വറി പ്ലസ് | : | 16.99 ലക്ഷം രൂപ |

**അഞ്ച് വേരിയന്റുകളിലും എട്ട് നിറങ്ങളിലും എംപിവി ലഭ്യമാണ്**

പൂർണമായും എൽഇഡി ഹെഡ്ലാംപുകൾ, എൽഇഡി ഡേടൈം റണ്ണിംഗ് ലൈറ്റുകൾ, ഐസ് ക്യൂബ് ആകൃതിയോടെ എൽഇഡി ഫോഗ് ലൈറ്റുകൾ, 16 ഇഞ്ച് ഡുവൽ ടോൺ അലോയ് വീലുകൾ, റൂഫ് റെയിലുകൾ, റാപ് എറൗണ്ട് എൽഇഡി ടെയിൽലൈറ്റുകൾ, ഉയർത്തി സ്ഥാപിച്ച സ്റ്റോപ്പ് ലാംപ് സഹിതം സ്പോയ്ലർ, പിറകിലെ ബമ്പറിന് വലിയ ക്രോം ഇൻസേർട്ട് എന്നിവ ഡിസൈൻ സവിശേഷതകളാണ്.

ഇലക്ട്രിക് സൺറൂഫ്, ആപ്പിൾ കാർപ്ലേ, ആൻഡ്രോയ്ഡ് ഓട്ടോ എന്നിവ സഹിതം 10.25 ഇഞ്ച് ടച്ച്സ്ക്രീൻ ഇൻഫൊടെയ്ൻമെന്റ് സിസ്റ്റം, പൂർണമായും ഡിജിറ്റലായ ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ, മുൻ നിരയിൽ വെന്റിലേറ്റഡ് സീറ്റുകൾ, ഓട്ടോമാറ്റിക് ക്ലൈമറ്റ് കൺട്രോൾ, ക്രൂസ് കൺട്രോൾ, കൂളിംഗ് ഫംഗ്ഷനോടുകൂടിയ വയർലെസ് ചാർജിംഗ്, ആംബിയന്റ് ലൈറ്റിംഗ് തുടങ്ങിയവ കിയ കാറൻസ് എംപിവിയുടെ അകത്തെ ഫീച്ചറുകളാണ്.

ആറ് എയർബാഗുകൾ, ഇബിഡി സഹിതം എബിഎസ്, എല്ലാ ചക്രങ്ങളിലും ഡിസ്ക് ബ്രേക്ക്, സ്പീഡ് സെൻസിംഗ് ഡോർ ലോക്ക് ഫംഗ്ഷൻ, ഇംപാക്റ്റ് സെൻസിംഗ് ഡോർ അൺലോക്ക് ഫംഗ്ഷൻ, പിറകിൽ പാർക്കിംഗ് സെൻസറുകൾ, ടിപിഎംഎസ് എന്നിവ സ്റ്റാൻഡേഡ് സുരക്ഷാ ഫീച്ചറുകളിൽ ഉൾപ്പെടുന്നു. ■



# കാസിരംഗ എഡിഷനിൽ ടാറ്റയുടെ ഫാബുലസ് ഫോർ

**ഹരികൃഷ്ണൻ. ആർ**

ടാറ്റ മോട്ടോഴ്സ് എസ്‌യുവിക ളുടെ കാസിരംഗ എഡിഷൻ പുറത്തിറക്കി. പഞ്ച്, നെക്സോൺ, ഹാരിയർ, സഫാരി എന്നീ നാല് ടാറ്റ എസ്‌യുവികളുടെയും പ്രത്യേക പതിപ്പാണ് വിപണിയിലെത്തിച്ചത്. ബുക്കിംഗ് സ്വീകരിച്ചുതുടങ്ങി. അതാത് മോഡലുകളുടെ ടോപ് സ്പെക് വേരിയന്റുകളിൽ മാത്രമായിരിക്കും ലിമിറ്റഡ് എഡിഷൻ ലഭിക്കുന്നത്. ഇതോടൊപ്പം, ടാറ്റ പഞ്ച് കാസിരംഗ എഡിഷൻ ഒരു ഐപിഎൽ ആരാധകന് ലേലം ചെയ്യും. ലേലത്തിൽ നിന്ന് ലഭിക്കുന്ന തുക കാസിരംഗ നാഷണൽ പാർക്കിലെ വന്യജീവികളെ സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങൾക്കായി സംഭാവന ചെയ്യും.

ടാറ്റ പഞ്ച് കാസിരംഗ എഡിഷന് 8.59 ലക്ഷം രൂപയിലും ടാറ്റ നെക്സോൺ കാസിരംഗ എഡിഷന് 11.79 ലക്ഷം രൂപയിലും ടാറ്റ ഹാരിയർ കാസിരംഗ എഡിഷന് 20.41 ലക്ഷം രൂപയിലും ടാറ്റ സഫാരി കാസിരംഗ എഡിഷന് 21.00 ലക്ഷം രൂപയിലുമാണ് എക്സ് ഷോറൂം വില ആരംഭിക്കുന്നത്. നിരവധി മാറ്റങ്ങളോടെയാണ് ടാറ്റ പഞ്ച് കാസിരംഗ എഡിഷൻ വരുന്നത്. ഇപ്പോൾ എർത്തി ബേഷ് ലെതററ്റ് അപ്ഹോൾസ്റ്ററി നൽകിയിരിക്കുന്നു. ഗ്രാനൈറ്റ് ബ്ലാക്ക് റൂഫ് റെയിലുകൾ, കറുത്ത 16 ഇഞ്ച് അലോയ് വീലുകൾ, മുന്നിലെ ഗ്രില്ലിന് പിയാനോ ബ്ലാക്ക് ഫിനിഷ് എന്നിവ പുറമേയുള്ള മാറ്റങ്ങളിൽ ഉൾപ്പെ



ടുന്നു. ടോപ് സ്പെക് ‘ക്രിയേറ്റീവ്‘ വേരിയന്റുകളിൽ മാത്രമായിരിക്കും ടാറ്റ പഞ്ച് കാസിരംഗ എഡിഷൻ ലഭിക്കുന്നത്.

മുൻ നിരയിൽ വെന്റിലേറ്റഡ് സീറ്റുകൾ, എയർ പ്യൂരിഫയർ, ഇലക്ട്രോ-ക്രോമാറ്റിക് ഐആർവിഎം എന്നിവ ടാറ്റ നെക്സോൺ കാസിരംഗ എഡിഷന് ലഭിച്ച മാറ്റങ്ങളാണ്. ബ്ലാക്ക് പെയിന്റഡ് അലോയ് വീലുകൾ, ഗ്രാനൈറ്റ് ബ്ലാക്ക് റൂഫ് റെയിലുകൾ, ഗ്രാനൈറ്റ് ബ്ലാക്ക് ബോഡി ക്ലാഡിംഗ്, എർത്തി ബേഷ് ലെതററ്റ് അപ്ഹോൾസ്റ്ററി, ‘ ട്രോപ്പിക്കൽ വുഡ്‘ ഡാഷ്ബോർഡ് ഫിനിഷ്, പിയാനോ ബ്ലാക്ക് ഗ്രിൽ എന്നിവ മറ്റ് സ്റ്റൈലിംഗ് മാറ്റങ്ങളാണ്.

**പഞ്ച്, നെക്സോൺ, ഹാരിയർ, സഫാരി എന്നീ നാല് ടാറ്റ എസ്‌യുവികളുടെയും പ്രത്യേക പതിപ്പാണ് വിപണിയിലെത്തിച്ചത്**

ടോപ് സ്പെക് എക്സ്സെഡ് പ്ലസ് വേരിയന്റുകളിൽ മാത്രമായിരിക്കും ടാറ്റ നെക്സോൺ കാസിരംഗ എഡിഷൻ ലഭിക്കുന്നത്.

എക്സ്സെഡ് പ്ലസ്, എക്സ്സെഡ്എ പ്ലസ് വേരിയന്റുകളിലാണ് മിഡ് സൈസ് എസ്‌യുവിയായ ടാറ്റ ഹാരിയർ കാസിരംഗ എഡിഷൻ ലഭിക്കുന്നത്. മുൻ നിരയിൽ വെന്റിലേറ്റഡ് സീറ്റുകൾ, ‘ഐറ’ കണക്റ്റഡ് കാർ സാങ്കേതികവിദ്യ, വയർലെസ് ആൻഡ്രോയ്ഡ് ഓട്ടോ ആൻഡ് ആപ്പിൾ കാർപ്ലേ, എയർ പ്യൂരിഫയർ തുടങ്ങിയവ പ്രത്യേക പതിപ്പിലെ ഏതാനും മാറ്റങ്ങളാണ്. പുതിയ എർത്തി ബേഷ് അപ്ഹോൾസ്റ്ററി, ‘ട്രോപ്പിക്കൽ വുഡ്’‘ ഡാഷ്ബോർഡ് ഫിനിഷ്, ബ്ലാക്ക് പെയിന്റഡ് അലോയ് വീലുകൾ, ഗ്രാനൈറ്റ് ബ്ലാക്ക് ഫിനിഷ് ലഭിച്ച ഗ്രിൽ, ഗ്രാനൈറ്റ് ബ്ലാക്ക് ബോഡി ക്ലാഡിംഗ് എന്നിവ കോസ്മെറ്റിക് സവിശേഷതകളിൽ ഉൾപ്പെടുന്നു. എക്സ്സെഡ് പ്ലസ്, എക്സ്സെഡ്എ പ്ലസ് എന്നീ വേരിയന്റുകളിലും 6,7 സീറ്റർ കോൺഫിഗറേഷനുകളിലും ടാറ്റ സഫാരി കാസിരംഗ എഡിഷൻ ലഭിക്കും.

ഡുവൽ ടോൺ എർത്തി ബേഷ് അപ്ഹോൾസ്റ്ററി, ട്രോപ്പിക്കൽ വുഡ് ഡാഷ്ബോർഡ് ഫിനിഷ്, 18 ഇഞ്ച് ബ്ലാക്ക്ഡ്-ഔട്ട് അലോയ് വീലുകൾ എന്നിവ ഫ്ളാഗ്ഷിപ്പ് എസ്‌യുവിയിലെ മാറ്റങ്ങളിൽ ഉൾപ്പെടുന്നു. റൂഫ് റെയിലുകൾ, ഗ്രിൽ, ബോഡി ക്ലാഡിംഗ് എന്നിവയിൽ ഗ്രാനൈറ്റ് ബ്ലാക്ക് ഫിനിഷ് കാണാം. ■



## പുതിയ പ്രസരിപ്പോടെ

# എംജി സെഡ്എസ് ഇവി ഫേസ്‌ലിഫ്റ്റ്












ഫേസ്‌ലിഫ്റ്റ് ചെയ്ത എംജി സെഡ്എസ് ഇവി ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. എക്‌സൈറ്റ് വേരിയന്റിന് 22 ലക്ഷം രൂപയും എക്‌സ്‌ക്ലൂസീവ് വേരിയന്റിന് 25.88 ലക്ഷം രൂപ യുമാണ് ഇന്ത്യ എക്സ് ഷോറൂം വില. എക്‌സ്‌ക്ലൂസീവ് വേരിയന്റ് ജൂലൈ മുതൽ മാത്ര മായിരിക്കും ലഭിക്കുകയെന്ന് എംജി മോട്ടോർ ഇന്ത്യ അറി യിച്ചു. ഫെറിസ് വൈറ്റ്, കറന്റ് റെഡ്, ആഷെൻ സിൽവർ, സേബിൾ ബ്ലാക്ക് എന്നിവയാണ് കളർ ഓപ്ഷനുകൾ.

> **എക്‌സൈറ്റ് വേരിയന്റിന് 22 ലക്ഷം രൂപയും എക്‌സ്‌ക്ലൂസീവ് വേരിയന്റിന് 25.88 ലക്ഷം രൂപ യുമാണ് ഇന്ത്യ എക്സ് ഷോറൂം വില**

50.3 കിലോവാട്ട് ഔർ ബാറ്ററി പാക്കാണ് പരിഷ്കരിച്ച എംജി സെഡ്എസ് ഇവി ഉപയോഗിക്കുന്നത്. 173 ബി എച്ച്പി കരുത്തും 280 എൻഎം ടോർക്കും ഉൽപ്പാദിപ്പിക്കും. ബാറ്ററി പൂർണമായി ചാർജ് ചെയ്താൽ ഇപ്പോൾ 461 കി ലോമീറ്റർ സഞ്ചരിക്കാമെന്ന് കമ്പനി അവകാശപ്പെടുന്നു. 7.4 കിലോവാട്ട് ചാർജർ ഉപയോ ഗിച്ചാൽ പൂർണമായി ചാർജ് ചെയ്യുന്നതിന് ഒമ്പത് മണിക്കൂർ വേണം. അതേസമയം, 50 കിലോവാട്ട് ചാർജറാ ണെങ്കിൽ 0-80 ശതമാനം ചാർജ് ചെയ്യുന്നതിന് 60 മിനിറ്റ് മതി.

രൂപകൽപ്പനയുടെ കാര്യത്തിൽ, ചാർജിംഗ് പോർട്ട് ഉൾപ്പെടുന്ന നവീകരിച്ച ഗ്രിൽ, എംജി ആസ്റ്റർ എന്ന ഐസിഇ സഹോദരനിൽ നിന്ന് കടമെടുത്ത പുതിയ എൽഇഡി ഹെഡ് ലാംപുകൾ ആൻഡ് ടെയ്ൽ ലൈറ്റുകൾ, മുന്നിലും പിന്നിലും പുതുക്കിയ ബംപർ, പുതിയ 17 ഇഞ്ച് ഡുവൽ ടോൺ അലോയ് വീലുകൾ എന്നിവയോടെയാണ് 2022 എംജി സെഡ്എസ് ഇവി വരുന്നത്.

ആപ്പിൾ കാർപ്ലേ, ആൻഡ്രോയ് ഡ് ഓട്ടോ എന്നിവ സഹിതം 10.1 ഇഞ്ച് ടച്ച്സ്ക്രീൻ ഇൻഫൊടെയ്ൻമെന്റ് സിസ്റ്റം, 75 കണക്റ്റഡ് കാർ ഫീച്ചറുകൾ, പനോരമിക് സൺറൂഫ്, പൂർണ ഡിജിറ്റലായ ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ, 360 ഡി ഗ്രി ക്യാമറ, ക്രൂസ് കൺട്രോൾ, ഡ്രൈവ് മോഡുകൾ, ഇലക്ട്രിക് പാർക്കിംഗ് ബ്രേക്ക്, എയർ പ്യൂ രിഫയർ, പിൻ നിരയിൽ എസി വെന്റുകൾ, ആറ് വിധത്തിൽ ഇലക്ട്രിക്കലായി ക്രമീകരി ക്കാവുന്ന ഡ്രൈവർ സീറ്റ്, വയർലെസ് ചാർജിംഗ് എന്നിവ പുതിയ എംജി സെഡ്എസ് ഇവിയുടെ അകത്തെ ഫീച്ചറുകളാണ്.

ആറ് എയർബാഗുകൾ, ലെയ്ൻ ചേഞ്ച് അസിസ്റ്റ്, ബ്ലൈൻഡ് സ്പോട്ട് അസിസ്റ്റ്, ടിപിഎംഎസ്, ഇബിഡി സഹിതം എബിഎസ്, ഇഎസ്‌സി, ഹിൽ ഡിസെന്റ് കൺട്രോൾ, റിയർ ക്രോസ് ട്രാഫിക് അലർട്ട് എന്നീ ഫീച്ച റുകൾ സുരക്ഷയൊരുക്കും.

# ഫോക്സ്‌വാഗൺ വർച്ചൂസ്; സദ്ഗുണ സമ്പന്നൻ




ആഗോളതലത്തിൽ ഫോക്സ്‌വാഗൺ വർച്ചൂസ് ഇന്ത്യയിൽ അനാവരണം ചെയ്തു. ഈ വരുന്ന ജൂൺ ഒമ്പതിന് മിഡ്‌സൈസ് സെഡാൻ ഇന്ത്യൻ വിപണിയിൽ അവതരിപ്പിക്കും. എംക്യുബി എo ഐഎൻ പ്ലാറ്റ്ഫോം അടിസ്ഥാനമാക്കിയാണ് ഫോക്സ്‌വാഗൺ വെന്റോയുടെ പിൻഗാമിയെ നിർമിക്കുന്നത്. പ്രീ-ബുക്കിംഗ് ആരംഭിച്ചു. ആറ് കളർ ഓപ്ഷനുകളിൽ ലഭ്യമായിരിക്കും. ഹോണ്ട സിറ്റി, ഹ്യുണ്ടായ് വെർണ, മാരുതി സുസുകി സിയാസ്, സ്കോഡ സ്ലാവിയ എന്നിവയാണ് എതിരാളികൾ.

എൽ ആകൃതിയുള്ള എൽഇഡി ഡേടൈം റണ്ണിംഗ് ലൈറ്റുകൾ ചേർത്തുവെച്ച എൽഇഡി പ്രൊജക്ടർ ഹെഡ്‌ലാംപുകൾ, ചുറ്റും ക്രോം സഹിതം സിംഗിൾ സ്ലാറ്റ് ഗ്രിൽ, ഇരുവശത്തും ഫോഗ് ലൈറ്റുകളോടെ വീതിയേറിയ എയർ ഡാം, കോൺട്രാസ്റ്റ് എന്ന നിലയിൽ കറുപ്പ് നിറം ലഭിച്ച പുറത്തെ റിയർ വ്യൂ കണ്ണാടികൾ, റൂഫ്, പുതിയ 16 ഇഞ്ച് ഡുവൽ ടോൺ അലോയ് വീലുകൾ, മുന്നിലെ ഫെൻഡറുകളിൽ 'ജിടി ലൈൻ' ബാഡ്ജിംഗ്, ഡോർ ഹാൻഡിലുകളിൽ ക്രോം സാന്നിധ്യം, ഷാർക്ക് ഫിൻ ആന്റിന, റാപ്പ് എറൗണ്ട് എൽഇഡി ടെയ്ൽ ലൈറ്റുകൾ, ബൂട്ടിൽ നമ്പർ പ്ലേറ്റിനായി പ്രത്യേക ഇടം, ബൂട്ട് ലിഡിൽ 'വർച്ചൂസ്' എഴുത്ത് എന്നിവ എക്സ്റ്റീരിയർ സവിശേഷതകളാണ്.

ആപ്പിൾ കാർപ്ലേ, ആൻഡ്രോയ്ഡ് ഓട്ടോ സഹിതം 10 ഇഞ്ച് ടച്ച് സ്ക്രീൻ ഇൻഫൊടെയ്ൻമെന്റ് സിസ്റ്റം, പൂർണ ഡിജിറ്റലായ ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ, വയർലെസ് ചാർജിംഗ്, മുൻ നിരയിൽ വെന്റിലേറ്റഡ് സീറ്റുകൾ, ഇലക്ട്രിക് സൺറൂഫ്, ഓട്ടോമാറ്റിക് ക്ലൈമറ്റ് കൺട്രോൾ, ക്രൂസ് കൺട്രോൾ

**ഫോക്സ്‌വാഗൺ വെന്റോയുടെ പിൻഗാമിയാണ് വർച്ചൂസ്**

എന്നിവ അകത്തെ ഫീച്ചറുകളാണ്. ഫോക്സ്‌വാഗൺ വർച്ചൂസ് സെഡാന്റെ നീളം, വീതി, ഉയരം, വീൽബേസ് എന്നിവ യഥാക്രമം 4,561 എംഎം, 1,752 എംഎം, 1,487 എംഎം, 2,651 എംഎം എന്നിങ്ങനെയാണ്.

1.0 ലിറ്റർ, 3 സിലിണ്ടർ, ടിഎസ്ഐ, 1.5 ലിറ്റർ, 4 സിലിണ്ടർ, ടിഎസ്ഐ എന്നിവയാണ് രണ്ട് പെട്രോൾ എൻജിൻ ഓപ്ഷനുകൾ. ആദ്യത്തേത് പരമാവധി 114 ബിഎച്ച്പി കരുത്തും 175 എൻഎം ടോർക്കും ഉൽപ്പാദിപ്പിക്കുമ്പോൾ രണ്ടാമത്തേത് 148 ബിഎച്ച്പി കരുത്തും 250 എൻഎം ടോർക്കും പരമാവധി പുറപ്പെടുവിക്കും. 6 സ്പീഡ് മാനുവൽ ട്രാൻസ്മിഷൻ സ്റ്റാൻഡേഡായി ലഭിക്കും. 6 സ്പീഡ് ടോർക്ക് കൺവെർട്ടർ ഓട്ടോമാറ്റിക്, 7 സ്പീഡ് ഡിസിടി എന്നിവ ഓപ്ഷനുകളാണ്.

# 2022 റെനോ ക്വിഡ് വിപണിയിൽ




2022 റെനോ ക്വിഡ് ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. 4.49 ലക്ഷം മുതൽ 5.83 ലക്ഷം രൂപ വരെയാണ് എക്സ് ഷോറൂം വില. 2015 ലാണ് റെനോ ക്വിഡ് ആദ്യമായി അവതരിപ്പിച്ചത്.
പിന്നീട് 2019 ൽ ഫേസ്‌ലിഫ്റ്റ് പുറത്തിറക്കി. ഇപ്പോൾ റെനോ തങ്ങളുടെ ബെസ്റ്റ് സെല്ലിംഗ് കാർ അപ്ഡേറ്റ് ചെയ്തിരിക്കുകയാണ്. മാത്രമല്ല, പുതുതായി ആർഎക്സ്എൽ (ഒ) വേരിയന്റിൽ കൂടി റെനോ ക്വിഡ് ലഭിക്കും. കൂടാതെ പുതിയ ചില കളർ ഓപ്ഷനുകൾ ലഭ്യമായിരിക്കും. മാരുതി സുസുകി എസ്-പ്രസ്സോ, ഹ്യുണ്ടായ് സാൻട്രോ തുടങ്ങിയവയാണ് എതിരാളികൾ.

0.8 ലിറ്റർ, 1.0 ലിറ്റർ എൻജിൻ ഓപ്ഷനുകളിൽ പുതിയ ആർഎക്സ്എൽ (ഒ) വേരിയന്റ് ലഭ്യമാണ്. മാനുവൽ മാത്രമായിരിക്കും ട്രാൻസ്മിഷൻ ഓപ്ഷൻ. ആർഎക്സ്ഇ എന്ന ബേസ് വേരിയന്റിനും ആർഎക്സ്എൽ എന്ന മിഡ് സ്പെക്

**എക്സ് ഷോറൂം വില 4.49 ലക്ഷം മുതൽ 5.83 ലക്ഷം രൂപ വരെ**


വേരിയന്റിനും ഇടയിലായിരിക്കും പുതിയ വേരിയന്റിന് സ്ഥാനം. ഇതോടൊപ്പം ക്ലൈംബർ എന്ന ടോപ് സ്പെക് വേരിയന്റ് കൂടി പരിഷ്കരിച്ചു. ക്ലൈംബർ വേരിയന്റിന് പുതുതായി കറുത്ത റൂഫ് സഹിതം മെറ്റൽ മസ്റ്റർഡ്, ഐസ് കൂൾ വൈറ്റ് എന്നീ രണ്ട് പുതിയ ഡുവൽ ടോൺ കളർ ഓപ്ഷനുകൾ നൽകി.

ക്ലൈംബർ വേരിയന്റുകളുടെ അകത്ത് വൈറ്റ് ആക്സന്റുകളും പുതിയ ഡുവൽ ടോൺ ഫ്ളെക്സ് വീലുകളും കാണാം.

ആൻഡ്രോയ്ഡ് ഓട്ടോ, ആപ്പിൾ കാർപ്ലേ കണക്റ്റിവിറ്റി സഹിതം 8.0 ഇഞ്ച് ടച്ച്സ്ക്രീൻ ഇൻഫൊടെയ്ൻമെന്റ് സിസ്റ്റം, മുന്നിൽ ഇരട്ട എയർബാഗുകൾ, ഇബിഡി സഹിതം എബിഎസ്, റിവേഴ്സ് പാർക്കിംഗ് സെൻസറുകൾ തുടങ്ങിയവ റെനോ ക്വിഡ് ഹാച്ച്ബാക്കിന്റെ ഫീച്ചറുകളാണ്.

രണ്ട് പെട്രോൾ എൻജിൻ ഓപ്ഷനുകളിലാണ് റെനോ ക്വിഡ് വരുന്നത്. 0.8 ലിറ്റർ എൻജിൻ പരമാവധി പുറപ്പെടുവിക്കുന്നത് 54 എച്ച്പി കരുത്തും 72 എൻഎം ടോർക്കുമാണ്.

5 സ്പീഡ് മാനുവൽ മാത്രമാണ് ഈ എൻജിന്റെ ഗിയർബോക്സ് ഓപ്ഷൻ. 1.0 ലിറ്റർ എൻജിൻ പരമാവധി 67 എച്ച്പി കരുത്തും 91 എൻഎം ടോർക്കും ഉൽപ്പാദിപ്പിക്കും. 5 സ്പീഡ് മാനുവൽ, എഎംടി എന്നിവയാണ് ഈ എൻജിന്റെ ഗിയർബോക്സ് ഓപ്ഷനുകൾ.



പുതിയ മൈബാഹ് എസ്- ക്ലാസ്;

# ആഡംബരത്തിന് പുതിയ മേൽവിലാസം

എസ്. പ്രതാപ്

പുതിയ മെഴ്സിഡസ് മൈബാഹ് എസ്-ക്ലാസ് ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. ഏഴാം തലമുറ മെഴ്സിഡസ് ബെൻസ് എസ്-ക്ലാസ് അടിസ്ഥാനമാക്കിയതാണ് പുതിയ മോഡൽ. രണ്ട് വേരിയന്റുകളിൽ ലഭിക്കും. എസ്580 4മാറ്റിക് വേരിയന്റിന് 2.50 കോടി രൂപയും എസ്680 4മാറ്റിക് വേരിയന്റിന് 3.20 കോടി രൂപയുമാണ് ഇന്ത്യയിലെങ്ങും എക്സ് ഷോറൂം വില. ഇവയിൽ ആദ്യത്തേത് മഹാരാഷ്ട്രയിലെ ചാകൺ പ്ലാന്റിൽ തദ്ദേശീയമായി നിർമിക്കുകയാണ്. രണ്ടാമത്തെ വേരിയന്റ് പൂർണമായി നിർമിച്ചശേഷം ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്നു (സിബിയു രീതി).

വെർട്ടിക്കൽ സ്ലാറ്റുകൾ










സഹിതം സവിശേഷ ക്രോം ഗ്രിൽ ലഭിച്ചതാണ് പുതു തലമുറ മൈബാഹ് എസ്-ക്ലാസ്. മെഴ്സിഡസ്-മൈബാഹ് ബ്രാൻഡിംഗ്, ഹുഡിൽ മെഴ്സിഡസ് -ബെൻസ് ലോഗോ എന്നിവ കാണാം. എൽ ആകൃതിയുള്ള എൽഇഡി ഡേടൈം റണ്ണിംഗ് ലൈറ്റുകൾ ചേർത്തുവെച്ചതാണ് ഗ്രില്ലിന് ഇരുവശത്തുമുള്ള എൽഇഡി ഹെഡ്‌ലാംപുകൾ. ബംപറിൽ ക്രോം ഇൻസർട്ടുകൾ, ക്രോം വിൻഡോ ലൈൻ, 20 ഇഞ്ച് അലോയ് മോണോ-ബ്ലോക്ക് വീലുകൾ, സി പില്ലറിൽ മൈബാഹ് ലോഗോ, റാപ് എറൗണ്ട് എൽഇഡി ടെയിൽ ലൈറ്റുകൾ, ബൂട്ട് ലിഡിലും പിറകിലെ ബംപറിലും ക്രോം ഇൻസർട്ടുകൾ എന്നിവയാണ് മറ്റ് ഡിസൈൻ സവിശേഷതകൾ.

പവേർഡ് കംഫർട്ട് റിയർ ഡോറുകൾ, റിക്ലൈൻ ഫംഗ്ഷൻ, മസാജ് ഫംഗ്ഷൻ, ലെഗ് റെസ്റ്റുകൾ, മടക്കാവുന്ന ട്രേകൾ എന്നിവയോടെ രണ്ടാം നിരയിൽ രണ്ട് ഇൻഡിവിജ്വൽ സീറ്റുകൾ, ഷാംപെയ്ൻ ബോട്ടിലുകളും ഷാംപെയ്ൻ ഫ്ളൂട്ടുകളും സൂക്ഷിക്കാൻ കഴിയുന്ന 10 ലിറ്റർ റഫ്രിജറേറ്റർ, ഹീറ്റഡ് ആൻഡ് കൂൾഡ് കപ്പ് ഹോൾഡറുകൾ, കാറിലെ വിവിധ ഫംഗ്ഷനുകൾ നിയന്ത്രിക്കുന്നതിന് പിൻ നിരയിലെ ആം റെസ്റ്റിൽ എംബിയുഎക്സ് ടാബ്‌ലറ്റ് എന്നിവ 2022 മെഴ്സിഡസ്-മൈബാഹ് എസ്-ക്ലാസിന്റെ അകത്തെ വിശേഷങ്ങളാണ്. പൂർണ ഡിജിറ്റലായ 12.8 ഇഞ്ച് ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ, 12.3 ഇഞ്ച് ടച്ച്സ്ക്രീൻ ഇൻഫൊടെയ്ൻമെന്റ് സിസ്റ്റം, എംബിയുഎക്സ് കണക്റ്റിവിറ്റി, ഹെഡ്സ് -അപ്പ് ഡിസ്‌പ്ലേ, രണ്ടാം നിര യാത്രക്കാർക്കായി എയർബാഗ്, എയർ സസ്പെൻഷൻ, റിയർ വീൽ സ്റ്റിയറിംഗ്, ലെവൽ 3 ഓട്ടോണമി, നിരവധി ആക്റ്റിവ്, പാസീവ് സുരക്ഷാ ഫീച്ചറുകൾ എന്നിവ മറ്റ് ചില ശ്രദ്ധേയ ഫീച്ചറുകളാണ്.

**എസ്580 വേരിയന്റിന് 2.50 കോടി രൂപയും എസ്680 വേരിയന്റിന് 3.20 കോടി രൂപയുമാണ് ഇന്ത്യ എക്സ് ഷോറൂം വില**

പുതു തലമുറ മെഴ്സിഡസ് മൈബാഹ് എസ്-ക്ലാസിന്റെ എസ്580 വേരിയന്റിന് കരുത്തേകുന്നത് 48 വോൾട്ട് മൈൽഡ് ഹൈബ്രിഡ് സിസ്റ്റം സഹിതം 4.0 ലിറ്റർ ട്വിൻ ടർബോ വി8 പെട്രോൾ എൻജിനാണെങ്കിൽ 6.0 ലിറ്റർ വി12 പെട്രോൾ മോട്ടോറാണ് എസ്680 വേരിയന്റിൽ തുടിക്കുന്നത്. ആദ്യത്തേത് പരമാവധി 496 ബിഎച്ച്പി കരുത്തും 700 എൻഎം ടോർക്കും ഉൽപ്പാദിപ്പിക്കും.

പരമാവധി 603 ബിഎച്ച്പി കരുത്തും 900 എൻഎം ടോർക്കും പുറപ്പെടുവിക്കുംവിധം വലിയ എൻജിൻ ട്യൂൺ ചെയ്തു. രണ്ട് എൻജിനുകളുടെയും സ്റ്റാൻഡേഡ് കൂട്ട് 9 സ്പീഡ് ഓട്ടോമാറ്റിക് ട്രാൻസ്മിഷനാണ്. പൂജ്യത്തിൽ നിന്ന് മണിക്കൂറിൽ നൂറ് കിമീ വേഗമാർജിക്കാൻ എസ്580 വേരിയന്റിന് 4.8 സെക്കൻഡും എസ്680 വേരിയന്റിന് 4.5 സെക്കൻഡും മതി. രണ്ട് വേരിയന്റുകളുടെയും ടോപ് സ്പീഡ് മണിക്കൂറിൽ 250 കിലോമീറ്ററായി ഇലക്ട്രോണിക്കലായി പരിമിതപ്പെടുത്തി.

# മുഖം മിനുക്കി
# മാരുതി സുസുകി ബലേനോ

ഫേസ്‌ലിഫ്റ്റ് ചെയ്ത മാരുതി സുസുകി ബലേനോ ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. 6.35 ലക്ഷം രൂപ മുതലാണ് പ്രീമിയം ഹാച്ച്ബാക്കിന് ഇന്ത്യ എക്സ് ഷോറൂം വില. വലിയതോതിൽ പുതുക്കിപ്പണിത എക്സ്റ്റീരിയർ ഡിസൈൻ, പുതിയ ഫീച്ചറുകൾ, പുതിയ എൻജിൻ എന്നിവയോടെയാണ് പുതിയ ബലേനോ വിപണിയിലെത്തുന്നത്.

ബുക്കിംഗ് നേരത്തെ സ്വീകരിച്ചു തുടങ്ങിയിരുന്നു. 11,000 രൂപയാണ് ബുക്കിംഗ് തുക. സിഗ്മ, ഡെൽറ്റ, സീറ്റ, ആൽഫ എന്നീ നാല് വേരിയന്റുകളിൽ മാരുതി സുസുകി ബലേനോ ഫേസ്‌ലിഫ്റ്റ് ലഭിക്കും. നെക്സ ബ്ലൂ, സ്പ്ലെൻഡിഡ് സിൽവർ, ഓപ്യുലന്റ് റെഡ്, ഗ്രാൻഡിയർ ഗ്രേ, ലക്സ് ബേഷ്, പേൾ ആർട്ടിക് വൈറ്റ് എന്നിവയാണ് ആറ് കളർ ഓപ്ഷനുകൾ.

പുതിയ ഗ്രിൽ, എൽഇഡി ഹെഡ്‌ലാംപുകൾ, എൽഇഡി ഡേടൈം റണ്ണിംഗ് ലൈറ്റുകൾ, എൽഇഡി ഫോഗ് ലൈറ്റുകൾ, 16 ഇഞ്ച് ഡുവൽ ടോൺ അലോയ് വീലുകൾ, യുവി-കട്ട് ഗ്ലാസ്, എൽഇഡി ടെയിൽ ലൈറ്റുകൾ, മുന്നിലും പിന്നിലും പുതിയ ബംപർ എന്നിവ 2022




**വലിയതോതിൽ പുതുക്കിപ്പണിത എക്സ്റ്റീരിയർ ഡിസൈൻ, പുതിയ ഫീച്ചറുകൾ, പുതിയ എൻജിൻ എന്നിവയോടെയാണ് പുതിയ ബലേനോ വിപണിയിലെത്തുന്നത്**

മാരുതി സുസുകി ബലേനോയുടെ ഡിസൈൻ സവിശേഷതകളാണ്. നീളം 3,990 എംഎം, വീതി 1,745 എംഎം, ഉയരം 1,500 എംഎം, വീൽബേസ് 2,520 എംഎം എന്നിങ്ങനെയാണ് അഴകളവുകൾ.

ആപ്പിൾ കാർപ്ലേ, ആൻഡ്രോയ്ഡ് ഓട്ടോ എന്നിവ സഹിതം 9 ഇഞ്ച് 'സ്മാർട്ട്പ്ലേ പ്രോ പ്ലസ്' ടച്ച്സ്ക്രീൻ ഇൻഫൊടെയ്ൻമെന്റ് സിസ്റ്റം, ആമസോൺ അലക്സ സപ്പോർട്ട്, വോയ്സ് കമാൻഡ് സപ്പോർട്ട്, 'സുസുകി കണക്റ്റ്' കണക്റ്റഡ് കാർ ടെക്, ഒടിഎ അപ്ഡേറ്റുകൾ, 'ആർക്കമിസ്' സറൗണ്ട് സൗണ്ട് സിസ്റ്റം, ഹെഡ്സ്-അപ്പ് ഡിസ്പ്ലേ, ക്രൂസ് കൺട്രോൾ, പിൻ നിരയിൽ എസി വെന്റുകൾ, ഉയരം ക്രമീകരിക്കാവുന്ന ഡ്രൈവർ സീറ്റ്, ഓട്ടോമാറ്റിക് ക്ലൈമറ്റ് കൺട്രോൾ, ആറ് എയർബാഗുകൾ എന്നിവ പുതിയ ബലേനോയുടെ അകത്തെ വിശേഷങ്ങളാണ്. ഐഡിൽ സ്റ്റാർട്ട്-സ്റ്റോപ്പ് സാങ്കേതികവിദ്യയോടെ 1.2 ലിറ്റർ, 4 സിലിണ്ടർ പെട്രോൾ എൻജിനാണ് പുതിയ മാരുതി സുസുകി ബലേനോയുടെ ഹൃദയം. ഈ മോട്ടോർ പരമാവധി 89 ബിഎച്ച്പി കരുത്തും 113 എൻഎം ടോർക്കും ഉൽപ്പാദിപ്പിക്കും.

5 സ്പീഡ് മാനുവൽ, എഎംടി എന്നിവയാണ് ട്രാൻസ്മിഷൻ ഓപ്ഷനുകൾ. എംടി, എഎംടി വേരിയന്റുകൾ യഥാക്രമം 22.35 കിമീ, 22.94 കിമീ ഇന്ധനക്ഷമത നൽകുമെന്ന് കമ്പനി അവകാശപ്പെടുന്നു.

......................................

സിഗ്മ എംടി 6.35 ലക്ഷം രൂപ
ഡെൽറ്റ എംടി 7.19 ലക്ഷം രൂപ
ഡെൽറ്റ എഎംടി 7.69 ലക്ഷം രൂപ
സീറ്റ എംടി 8.09 ലക്ഷം രൂപ
സീറ്റ എഎംടി 8.59 ലക്ഷം രൂപ
ആൽഫ എംടി 8.99 ലക്ഷം രൂപ
ആൽഫ എഎംടി 9.49 ലക്ഷം രൂപ

---

# മൂവാറ്റുപുഴയിൽ ഹോണ്ട ബിഗ്‌വിംഗ് തുറന്നു

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴയിൽ ഹോണ്ട ബിഗ്‌വിംഗ് പ്രവർത്തനമാരംഭിച്ചു. രാജ്യമാകെ ഇപ്പോൾ നൂറ് ടച്ച്പോയന്റുകൾ ഉള്ളതായി ഹോണ്ട മോട്ടോർ സൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) വ്യക്തമാക്കി.

സിബി300ആർ, ഹൈനസ് സിബി350, ഹൈനസ് സിബി350 ആനിവേഴ്സറി എഡിഷൻ, സിബി350ആർഎസ്, സിബി500എക്സ്, സിബിആർ650ആർ, സിബി 650ആർ, സിബിആർ1000ആർ ആർ-ആർ ഫയർബ്ലേഡ്, സിബി ആർ1000ആർആർ-ആർ ഫയർ ബ്ലേഡ് എസ്പി, അഡ്വഞ്ചർ ടൂറർ മോട്ടോർസൈക്കിളായ ആഫ്രിക്ക ടിൻ അഡ്വഞ്ചർ സ്പോർട്സ്, ഫ്ളാഗ്ഷിപ്പ് മോഡലായ ഗോൾഡ് വിംഗ് ടൂർ തുടങ്ങി ഹോണ്ടയുടെ മുഴുവൻ പ്രീമിയം മോട്ടോർസൈക്കിളുകളും ഹോണ്ട ബിഗ്‌വിംഗ് ടോപ്പ്ലൈൻ ഷോറൂമുകളിൽ ലഭ്യമാണ്. ഹോണ്ടയുടെ മിഡ്സൈസ് മോട്ടോർസൈക്കിൾ ആരാധകരെയാണ് ബിഗ്‌വിംഗ് ഷോറൂമുകൾ ആകർഷിക്കുന്നത്.




ഹോണ്ടയുടെ എക്സ്ക്ലൂസീവ് പ്രീമിയം മോട്ടോർസൈക്കിൾ ശൃംഖലയായ ഹോണ്ട ബിഗ്‌വിംഗ് വിപുലീകരിക്കുന്നതിലാണ് തങ്ങളുടെ ശ്രദ്ധയെന്ന് എച്ച്എംഎസ്ഐ വിൽപ്പന, വിപണന വിഭാഗം ഡയറക്ടർ യാദവീന്ദർ സിംഗ് ഗുലേരിയ പറഞ്ഞു. മൂവാറ്റുപുഴയിൽ ബിഗ്‌വിംഗ് ഉദ്ഘാടനം ചെയ്യുന്നതിൽ സന്തോഷമുണ്ടെന്നും ഈ പുതിയ പ്രീമിയം ഔട്ട്ലെറ്റ് വഴി ഹോണ്ട ബൈക്കുകൾ മൂവാറ്റുപുഴയിലെ ഉപയോക്താക്കളെ സമീപിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി. ഹോണ്ടയുടെ മിഡ്സൈസ് പ്രീമിയം ബൈക്കുകൾ ഉപയോക്താക്കൾക്ക് നേരിട്ട് അനുഭവിച്ചറിയാമെന്ന് യാദവീന്ദർ സിംഗ് ഗുലേരിയ കൂട്ടിച്ചേർത്തു.

രാജ്യത്തെ പ്രമുഖ മെട്രോകളിൽ ബിഗ്‌വിംഗ് ടോപ്പ്ലൈൻ, മറ്റ് നഗരങ്ങളിൽ ബിഗ്‌വിംഗ് എന്നിങ്ങനെയാണ് ഹോണ്ടയുടെ പ്രീമിയം മോട്ടോർസൈക്കിൾ വിൽപ്പന രീതി. ഇമ്മേഴ്സീവ് ഡിജിറ്റൽ അനുഭവമാണ് ഹോണ്ട ബിഗ്‌വിംഗ് ഒരുക്കുന്നത്. ഉപയോക്താക്കൾക്ക് അവരുടെ വീടുകളിൽ ഇരിക്കുമ്പോൾ തന്നെ മോട്ടോർസൈക്കിൾ ലൈനപ്പ്, റൈഡിംഗ് ഗിയർ, ആക്സസറികൾ എന്നിവ വിശദമായി മനസിലാക്കാൻ വർചൽ പ്ലാറ്റ്ഫോം സഹായിക്കും.

# കാത് കുത്തിയവൻ പോയാൽ
# കടുക്കനിട്ടവൻ വരും!




ഏറെ കാത്തിരുന്ന സ്കോഡ സ്ലാവിയ ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. 10.69 ലക്ഷം രൂപയിലാണ് എക്സ് ഷോറൂം വില ആരംഭിക്കുന്നത്. 1.0 ലിറ്റർ ടിഎസ്ഐ എൻജിൻ വേരിയന്റുകളുടെ വിലയാണ് ഇപ്പോൾ പ്രഖ്യാപിച്ചത്. 1.5 ലിറ്റർ ടിഎസ്ഐ എൻജിൻ വേരിയന്റുകളുടെ വില മാർച്ച് മൂന്നിന് അറിയാം. സ്കോഡ റാപ്പിഡ് സെഡാന്റെ പിൻഗാമിയെന്ന നിലയിലാണ് സ്കോഡ സ്ലാവിയ സെഡാൻ വരുന്നത്. ആക്റ്റിവ്, ആംബിഷൻ, സ്റ്റൈൽ എന്നീ മൂന്ന് വകഭേദങ്ങളിലും അഞ്ച് കളർ ഓപ്ഷനുകളിലും സ്കോഡ സ്ലാവിയ ലഭിക്കും. മാരുതി സുസുകി സിയാസ്, ഹ്യുണ്ടായ് വെർണ, ഹോണ്ട സിറ്റി, ഫോക്സ്‌വാഗൺ വർട്ടൂസ് എന്നിവയാണ് എതിരാളികൾ.





കറുത്ത വെർട്ടിക്കൽ സ്ലാറ്റുകൾ, ക്രോം സറൗണ്ട് എന്നിവയോടെ സവിശേഷ ബട്ടർഫ്ളൈ ഗ്രിൽ, എൽ ആകൃതിയിൽ എൽഇഡി ഡേടൈം റണ്ണിംഗ് ലൈറ്റുകൾ, പ്രൊജക്ടർ ഹെഡ്‌ലാംപുകൾ, ഫോഗ് ലൈറ്റുകൾ, കറുത്ത ബി, സി പില്ലറുകൾ, 16 ഇഞ്ച് ഡുവൽ ടോൺ അലോയ് വീലുകൾ, റാപ് എറൗണ്ട് എൽഇഡി ടെയിൽ ലൈറ്റുകൾ, ബൂട്ട് ലിഡിൽ ഘടിപ്പിച്ച നമ്പർ പ്ലേറ്റ് ഹോൾഡർ, റിഫ്ളക്ടറുകൾ, ക്രോം സ്ട്രിപ്പ് എന്നിവയോടെ റിയർ ബംപർ, ബൂട്ട് ലിഡിൽ 'സ്കോഡ' എഴുത്ത് എന്നിവ സ്കോഡ സ്ലാവിയയുടെ എക്സ്റ്റീരിയർ സവിശേഷതകളിൽ ഉൾപ്പെടുന്നു.

ആപ്പിൾ കാർപ്ലേ, ആൻഡ്രോയ്ഡ് ഓട്ടോ, മിറർലിങ്ക് കണക്റ്റിവിറ്റി എന്നിവ സഹിതം 10 ഇഞ്ച് ടച്ച്സ്ക്രീൻ ഇൻഫൊടെയ്ൻമെന്റ് സിസ്റ്റം, ഇലക്ട്രിക് സൺറൂഫ്, പൂർണ ഡിജിറ്റലായ ഇൻസ്ട്രുമെന്റ് കൺസോൾ, ടു സ്പോക്ക് സ്റ്റിയറിംഗ് വളയം, ആംബിയന്റ് ലൈറ്റിംഗ്, ക്രൂസ് കൺട്രോൾ, പിൻ നിരയിൽ എസി വെന്റുകൾ എന്നിവ അകത്തെ വിശേഷങ്ങളാണ്.

1.0 ലിറ്റർ, 3 സിലിണ്ടർ ടിഎസ്ഐ, 1.5 ലിറ്റർ, 4 സിലിണ്ടർ, ടിഎസ്ഐ എന്നിവയാണ് രണ്ട് പെട്രോൾ എൻജിൻ ഓപ്ഷനുകൾ. ആദ്യത്തേത് പരമാവധി 114 ബിഎച്ച്പി കരുത്തും 175 എൻഎം ടോർക്കും ഉൽപ്പാദിപ്പിക്കാൻ കഴിവുള്ളതാണ്. 6 സ്പീഡ് മാനുവൽ, 6 സ്പീഡ് ടോർക്ക് കൺവെർട്ടർ ഓട്ടോമാറ്റിക് എന്നിവയാണ് ട്രാൻസ്മിഷൻ ഓപ്ഷനുകൾ.

പരമാവധി 148 ബിഎച്ച്പി കരുത്തും 250 എൻഎം ടോർക്കും ഉൽപ്പാദിപ്പിക്കുന്നതാണ് വലിയ മോട്ടോർ. 6 സ്പീഡ് മാനുവൽ, 7 സ്പീഡ് ഡിഎസ്ജി ഓട്ടോമാറ്റിക് എന്നിവയാണ് ട്രാൻസ്മിഷൻ ഓപ്ഷനുകൾ.

**സ്കോഡ സ്ലാവിയ സെഡാന്റെ എക്സ് ഷോറൂം വില 10.69 ലക്ഷം രൂപ മുതൽ**

1.0 ടിഎസ്ഐ ആക്റ്റിവ് എംടി
10.69 ലക്ഷം രൂപ

1.0 ടിഎസ്ഐ ആംബിഷൻ എംടി 12.39 ലക്ഷം രൂപ

1.0 ടിഎസ്ഐ ആംബിഷൻ എടി
13.59 ലക്ഷം രൂപ

1.0 ടിഎസ്ഐ സ്റ്റൈൽ എംടി (നോൺ സൺറൂഫ്)
13.59 ലക്ഷം രൂപ

1.0 ടിഎസ്ഐ സ്റ്റൈൽ എംടി
13.99 ലക്ഷം രൂപ

1.0 ടിഎസ്ഐ സ്റ്റൈൽ എടി
15.39 ലക്ഷം രൂപ

# ജനപ്രീതിയിൽ കണ്ണുനട്ട്
# പുതിയ വാഗൺആർ

2022 മാരുതി സുസുകി വാഗൺ ആർ ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. 5,39,500 രൂപ മുതലാണ് ഡെൽഹി എക്സ് ഷോറൂം വില. എൽഎക്സ്ഐ, വിഎക്സ്ഐ, സെഡ്എക്സ്ഐ, സെഡ്എക്സ്ഐ പ്ലസ് എന്നീ നാല് വേരിയന്റുകളിൽ വാഹനം ലഭ്യമാണ്. എൽഎക്സ്ഐ, വിഎക്സ്ഐ വേരിയന്റുകളിൽ സിഎൻജി ഓപ്ഷൻ ലഭിക്കും. വിഎക്സ്ഐ വേരിയന്റ് മുതൽ എജിഎസ് (ഓട്ടോ ഗിയർ ഷിഫ്റ്റ്) അഥവാ എഎംടി ലഭിക്കും. എൽഎക്സ്ഐ, വിഎക്സ്ഐ വേരിയന്റുകൾക്ക് 1.0 ലിറ്റർ എൻജിൻ കരുത്തേകുമ്പോൾ സെഡ്എക്സ്ഐ, സെഡ്എക്സ്ഐ പ്ലസ് വേരിയന്റുകൾ ഉപയോഗിക്കുന്നത് 1.2 ലിറ്റർ എൻജിനാണ്. ഗാലന്റ് റെഡ്/ബ്ലാക്ക് റൂഫ്, മാഗ്മ ഗ്രേ/ബ്ലാക്ക് റൂഫ് എന്നീ രണ്ട് പുതിയ ഡുവൽ ടോൺ കളർ ഓപ്ഷനുകളിൽ ടോപ് സ്പെക് വേരിയന്റ് വാങ്ങാൻ കഴിയും.

**ഗാലന്റ് റെഡ്/ ബ്ലാക്ക് റൂഫ്, മാഗ്മ ഗ്രേ/ബ്ലാക്ക് റൂഫ് എന്നീ രണ്ട് പുതിയ ഡുവൽ ടോൺ കളർ ഓപ്ഷനുകളിൽ ടോപ് സ്പെക് വേരിയന്റ് വാങ്ങാൻ കഴിയും**

മെക്കാനിക്കൽ കാര്യങ്ങൾ പരിശോധിച്ചാൽ, 1.0 ലിറ്റർ, 1.2 ലിറ്റർ പെട്രോൾ എൻജിൻ ഓപ്ഷനുകളിൽ പരിഷ്കരിച്ച മാരുതി സുസുകി വാഗൺആർ ലഭിക്കും. മാനുവൽ, എജിഎസ്, സിഎൻജി ഓപ്ഷനുകളിൽ 1.0 ലിറ്റർ പുതു തലമുറ കെ-സീരീസ് ഡുവൽ ജെറ്റ്, ഡുവൽ വിവിടി പെട്രോൾ എൻജിൻ ലഭ്യമായിരിക്കും. 5,500 ആർപിഎമ്മിൽ 66 ബിഎച്ച്പി കരുത്തും 3,500 ആർപിഎമ്മിൽ 89 എൻഎം ടോർക്കുമാണ് മാനുവൽ വേർഷനിൽ ലഭിക്കുന്നതെങ്കിൽ സിഎൻജി മോഡിൽ 3,400 ആർപിഎമ്മിൽ 82.1 എൻഎം ടോർക്ക് സൃഷ്ടിക്കും. അതേസമയം, ഐഡിൽ സ്റ്റാർട്ട് സ്റ്റോപ്പ് സാങ്കേതികവിദ്യ സഹിതം 1.2 ലിറ്റർ നൂതന കെ-സീരീസ് ഡുവൽ ജെറ്റ്, ഡുവൽ വിവിടി എൻജിൻ 6,000 ആർപിഎമ്മിൽ 89 ബിഎച്ച്പി കരുത്തും 4,400 ആർപിഎമ്മിൽ 113 എൻഎം ടോർക്കും ഉൽപ്പാദിപ്പിക്കും. മാനുവൽ, എജിഎസ് ഓപ്ഷനുകളിൽ ഈ എൻജിൻ ലഭ്യമാണ്.

പെട്രോൾ ഉപയോഗിക്കുമ്പോൾ 1.0 ലിറ്റർ എൻജിൻ നൽകുന്ന ഇന്ധനക്ഷമത 25.19 കിലോമീറ്ററാണ് (വിഎക്സ്ഐ എജിഎസ്). വിപണി വിടുന്ന മോഡലിനേക്കാൾ ഏകദേശം 16 ശതമാനം കൂടുതൽ. എസ്-സിഎൻജി വേർഷനിൽ ഒരു കിലോഗ്രാം സിഎൻജി നിറച്ചാൽ 34.05 കിമീ സഞ്ചരിക്കാം. അതായത് പുറത്തുപോകുന്ന മോഡലിനേക്കാൾ ഏകദേശം അഞ്ച് ശതമാനം കൂടുതൽ. 1.2 ലിറ്റർ എൻജിൻ തിരിച്ചുനൽകുന്നത് 24.43 കിലോമീറ്റർ ഇന്ധനക്ഷമതയാണ് (സെഡ്എക്സ്ഐ എജിഎസ്, സെഡ്എക്സ്ഐ പ്ലസ് എജിഎസ്). വിട പറയുന്ന മോഡലിനേക്കാൾ ഏകദേശം 19 ശതമാനം കൂടുതൽ.

സ്പോർട്ടി ഫ്ളോട്ടിംഗ് റൂഫ് ഡിസൈൻ, ഡൈനാമിക് അലോയ് വീലുകൾ എന്നിവ 2022 മാരുതി സുസുകി വാഗൺആറിന് ലഭിച്ചു. ഇന്റീരിയറിൽ ഇപ്പോൾ ഡുവൽ ടോൺ ഓപ്ഷൻ ലഭ്യമാണ്. പ്രീമിയം ബേഷ്, ഡാർക്ക് ഗ്രേ മെലാഞ്ച് എന്നിവ ഉൾപ്പെടുന്നതാണ് സീറ്റ് ഫാബ്രിക് ഡിസൈൻ. സ്മാർട്ട്ഫോൺ നാവിഗേഷനോടുകൂടിയ 7 ഇഞ്ച് സ്മാർട്ട്പ്ലേ സ്റ്റുഡിയോയുടെ ഭാഗമായി നാല് സ്പീക്കറുകൾ നൽകി. കണക്റ്റഡ് ആൻഡ് മോഡേൺ ഡ്രൈവിംഗ് അനുഭവം നൽകുന്നതിന് ക്ലൗഡ് അധിഷ്ഠിത സേവനങ്ങൾ സപ്പോർട്ട് ചെയ്യും.

ഡ്രൈവിംഗ് അനുഭവം മെച്ചപ്പെടുത്തുന്നതിന് എജിഎസ് വേരിയന്റുകളിൽ ഹിൽ ഹോൾഡ് അസിസ്റ്റ് പോലുള്ള ഫീച്ചറുകൾ പുതിയ വാഗൺആറിൽ നൽകി. ഇരട്ട എയർബാഗുകൾ, ആന്റിലോക്ക് ബ്രേക്കിംഗ് സിസ്റ്റം (എബിഎസ്), ഇലക്ട്രോണിക് ബ്രേക്ക് ഫോഴ്സ് ഡിസ്ട്രിബ്യൂഷൻ (ഇബിഡി), മുൻ നിരയിൽ സീറ്റ് ബെൽറ്റ് റിമൈൻഡർ, ഹൈ-സ്പീഡ് അലർട്ട് സിസ്റ്റം, റിയർ പാർക്കിംഗ് സെൻസറുകൾ എന്നിവ എല്ലാ വേരിയന്റുകളിലും സ്റ്റാൻഡേഡ് സുരക്ഷാ ഫീച്ചറുകളാണ്.

---

എൽഎക്സ്ഐ: 5,39,500 രൂപ
എൽഎക്സ്ഐ ടൂർ എച്ച്3: 5,39,500 രൂപ
എൽഎക്സ്ഐ എസ്-സിഎൻജി: 6,34,500 രൂപ
എൽഎക്സ്ഐ എസ്-സിഎൻജി: ടൂർ എച്ച്3: 6,34,500 രൂപ
വിഎക്സ്ഐ: 5,86,000 രൂപ
വിഎക്സ്ഐ എജിഎസ്: 6,36,000 രൂപ, വിഎക്സ്ഐ എസ്-സിഎൻജി: 6,81,000 രൂപ
1.2 സെഡ്എക്സ്ഐ എംടി: 5,99,600 രൂപ
1.2 സെഡ്എക്സ്ഐ എജിഎസ്: 6,49,600 രൂപ
1.2 സെഡ്എക്സ്ഐ പ്ലസ് എംടി: 6,48,000 രൂപ
1.2 സെഡ്എക്സ്ഐ പ്ലസ് എജിഎസ്: 6,98,000 രൂപ
1.2 സെഡ്എക്സ്ഐ പ്ലസ് എംടി ഡുവൽ ടോൺ (ഓപ്ഷൻ): 6,60,000 രൂപ
1.2 സെഡ്എക്സ്ഐ പ്ലസ് എജിഎസ് ഡുവൽ ടോൺ (ഓപ്ഷൻ): 7,10,000 രൂപ

■






# ടാറ്റയുടെ കിടിലോസ്കി; അവിന്യ ഇവി കൺസെപ്റ്റ്

ടാറ്റ അവിന്യ ഇവി കൺസെപ്റ്റ് അനാവരണം ചെയ്തു. ജെൻ 3 ആർക്കിടെക്ചർ അടിസ്ഥാനമാക്കിയാണ് ടാറ്റ അവിന്യ നിർമിക്കുന്നതെന്ന് ടാറ്റ മോട്ടോഴ്സിന് കീഴിലെ ടാറ്റ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി (ടിപിഇഎംഎൽ) വ്യക്തമാക്കി. സംസ്കൃത ഭാഷയിൽ നിന്നാണ് അവിന്യ' പേര് സ്വീകരിച്ചത്.

കാറ്റമരനിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതാണ് ടാറ്റ അവിന്യ ഇവി കൺസെപ്റ്റ്. എസ്‌യുവിയുടെ വൈദഗ്ധ്യവും എംപിവിയുടെ സ്ഥലസൗകര്യവും പുതിയ മോഡലിൽ സമന്വയിക്കുന്നു. മുന്നിൽ, ഇരുവശത്ത് നിന്നുമായി തുടങ്ങുന്ന വലിയ ഡേടൈം റണ്ണിംഗ് ലൈറ്റുകൾ മധ്യഭാഗത്തെ ടാറ്റ ലോഗോയിൽ അവസാനിക്കുന്നു. ഗ്രില്ലിനെ അനുകരിക്കുംവിധം രണ്ട് ഭാഗങ്ങളായി ബ്ലാക്ക് ഇൻസെർട്ടുകൾ നൽകി. ബോഡിയുടെ അതേ നിറമുള്ളതാണ് ബംപർ.

**പൂർണമായി ചാർജ് ചെയ്താൽ ഏറ്റവും കുറഞ്ഞത് 500 കിലോമീറ്റർ സഞ്ചരിക്കാൻ കഴിയും**

ബട്ടർഫ്ളൈ ഡോറുകൾ, ഒആർവിഎമ്മുകളായി പ്രവർത്തിക്കുന്ന ക്യാമറകൾ, കറുത്ത ബി പില്ലറുകൾ, ഫ്ളോട്ടിംഗ് റൂഫ് ഡിസൈൻ, വലിയ അലോയ് വീലുകൾ, എൽഇഡി ടെയിൽ ലൈറ്റുകൾ, ടെയിൽ ഗേറ്റിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെയായി എൽഇഡി ലൈറ്റ് ബാർ എന്നിവ കാണാം. ബംപറിൽ ബ്ലാക്ക് ഡിഫ്യൂസർ നൽകി.

ബേഷ്, ബ്രൗൺ നിറങ്ങളിലായി ഡുവൽ ടോൺ ഇന്റീരിയർ തീം, പനോരമിക് സൺറൂഫ്, ഫ്ളോട്ടിംഗ് ഇൻസ്ട്രുമെന്റ് കൺസോൾ, 2 സ്പോക്ക് ഫ്ളാറ്റ് ബോട്ടം സ്റ്റിയറിംഗ് വളയം, ഡാഷ്ബോർഡിന്റെ മധ്യത്തിലായി സ്ഥാപിച്ച സൗണ്ട്ബാർ, രണ്ടാം നിര യാത്രക്കാർക്കായി മുൻ സീറ്റുകളുടെ വശങ്ങളിൽ ഘടിപ്പിച്ച സ്പീക്കറുകൾ, സെന്റർ കൺസോളിൽ അരോമ ഡിഫ്യൂസർ എന്നിവ അകത്തെ വിശേഷങ്ങളാണ്.

ടാറ്റ അവിന്യ കൺസെപ്റ്റിന്റെ പവർട്രെയിൻ സംബന്ധിച്ച വിശദാംശങ്ങൾ കൂടുതലായി ലഭ്യമല്ല. അതേസമയം, പൂർണമായി ചാർജ് ചെയ്താൽ ഏറ്റവും കുറഞ്ഞത് 500 കിലോമീറ്റർ സഞ്ചരിക്കാൻ കഴിയുമെന്ന് ടാറ്റ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി വ്യക്തമാക്കി.

ചാർജ് ചെയ്യാൻ മുപ്പത് മിനിറ്റിൽ താഴെ സമയം മതിയാകും. ടാറ്റ അവിന്യയുടെ പ്രൊഡക്ഷൻ റെഡി വേർഷൻ 2025 ഓടെ അവതരിപ്പിക്കും.

# വൈദ്യുത ബോർഡിന് ടാറ്റയുടെ
# 65 ഇലക്ട്രിക് വാഹനങ്ങൾ




കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് (കെഎസ്ഇബി) ടാറ്റ മോട്ടോഴ്സിന് 65 ഇലക്ട്രിക് വാഹനങ്ങളുടെ ഓർഡർ ലഭിച്ചു. 60 യൂണിറ്റ് ടിഗോർ ഇവി, അഞ്ച് യൂണിറ്റ് നെക്സോൺ ഇവി എന്നിവയാണ് ടാറ്റ മോട്ടോഴ്സ് കൈമാറിയത്. വൈദ്യുത വാഹനങ്ങൾക്കായി കെഎസ്ഇബി നേരത്തെ ടെൻഡർ ക്ഷണിച്ചിരുന്നു.

**60 യൂണിറ്റ് ടിഗോർ ഇവി, അഞ്ച് യൂണിറ്റ് നെക്സോൺ ഇവി എന്നിവയാണ് ടാറ്റ മോട്ടോഴ്സ് കൈമാറിയത്**

30.2 കിലോവാട്ട് ഔർ ബാറ്ററി പായ്ക്കാണ് ടാറ്റ നെക്സോൺ ഇവി ഉപയോഗിക്കുന്നത്. 127 ബിഎച്ച്പി കരുത്തും 245 എൻഎം ടോർക്കും ഉൽപ്പാദിപ്പിക്കും. പൂർണമായി ചാർജ് ചെയ്താൽ 312 കിലോമീറ്റർ സഞ്ചരിക്കാമെന്ന് അവകാശപ്പെടുന്നു.

എക്സ്എം, എക്സ്സെഡ് പ്ലസ്, എക്സ്സെഡ് പ്ലസ് ലക്സ്, ഡാർക്ക് എഡിഷൻ എന്നീ നാല് വേരിയന്റുകളിൽ ടാറ്റ നെക്സോൺ ഇവി ലഭ്യമാണ്.
26 കിലോവാട്ട് ഔർ ബാറ്ററി പായ്ക്കാണ് ടാറ്റ ടിഗോർ ഇവി ഉപയോഗിക്കുന്നത്. 74 ബിഎച്ച്പി കരുത്തും 170 എൻഎം ടോർക്കും ഉൽപ്പാദിപ്പിക്കും. പൂർണമായി ചാർജ് ചെയ്താൽ 306 കിലോമീറ്റർ റേഞ്ച് ലഭിക്കുമെന്ന് അവകാശപ്പെടുന്നു. എക്സ്ഇ, എക്സ്എം, എക്സ്സെഡ് പ്ലസ് എന്നീ മൂന്ന് വേരിയന്റുകളിലൊന്ന് ഉപയോക്താക്കൾക്ക് തിരഞ്ഞെടുക്കാം.

# പിപിഎസ് മോട്ടോഴ്സ് കേരളത്തിൽ
# ഔഡിയുടെ പുതിയ ഡീലർ പാർട്ണർ

ജർമൻ ആഡംബര കാർ നിർമാതാക്കളായ ഔഡി, കേരളത്തിലെ പുതിയ ഡീലർ പാർട്ണറായി പിപിഎസ് മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡിനെ പ്രഖ്യാപിച്ചു. ഔഡി കൊച്ചി, ഔഡി സർവീസ് കോഴിക്കോട്, ഔഡി സർവീസ് തിരുവനന്തപുരം എന്നിവ ഈ പങ്കാളിത്തത്തിൽ ഉൾപ്പെടുന്നു. മെയ് ഒന്നിന് പ്രാബല്യത്തിൽ വന്നു.



ഔഡി കൊച്ചി, ഔഡി സർവീസ് കോഴിക്കോട്, ഔഡി സർവീസ് തിരുവനന്തപുരം എന്നിവയുടെ പുതിയ ഡീലർ പങ്കാളിയായി പിപിഎസ് മോട്ടോഴ്സിനെ നിയമിച്ച വിവരം അറിയിക്കുന്നതിൽ സന്തോഷമുണ്ടെന്ന് ഔഡി ഇന്ത്യാ മേധാവി ബൽബീർ സിംഗ് ധില്ലൺ പറഞ്ഞു. ഔഡി ഇന്ത്യയെ സംബന്ധിച്ചിടത്തോളം കേരളം വളരെ പ്രധാനപ്പെട്ട വിപണിയാണ്. ഞങ്ങളുടെ പങ്കാളികളായ പിപിഎസ് മോട്ടോഴ്സ് ഈ മേഖലയിലെ ഉപയോക്താക്കൾക്ക് മികച്ച സേവനങ്ങൾ നൽകുമെന്ന് ഉറപ്പുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

വളരെ കാലമായി തങ്ങൾക്ക് ഔഡി ഇന്ത്യയുമായി പങ്കാളിത്തമുണ്ടെന്നും ഈ ബന്ധം കേരള വിപണിയിലേക്ക് വ്യാപിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്നും പിപിഎസ് മോട്ടോഴ്സ് ഡീലർ പ്രിൻസിപ്പൽ രാജീവ് സാംഘ്വി പറഞ്ഞു. കേരളത്തിൽ ഔഡി ബ്രാൻഡിന്റെ സാന്നിധ്യം ശക്തിപ്പെടുത്താൻ കഴിയുമെന്ന് അദ്ദേഹം പ്രതീക്ഷ പ്രകടിപ്പിച്ചു.

# AIMS ENGINEERING

CR NO: 0493/21-22(A2/3491/21) GSTIN: 32BMBPR6074B1ZC
16/174, Koonathara, Shornur, Palakkad, PIN-679523
Ph: 0466 2226505, +91 6282716974 +91 9947019251
Email:aimsworldeng@gmail.com





MS Gate


SS Gate


Wood Panel Gate


Al/PVC Windows



Al/PVC Sliding Doors


Steel Windows

INDUSTRIAL SERVICES



Platform Works


SS Gratings


Plant Maintenance


SS Handrails


CI Handrails


MS Handrails


Glass Balcony Railing


MS Fire Staircase


Spiral Staircase


PC Canopy


MS Pergola


PC Pergola


Truss Roof


Truss roof/Clay tile


Roofing Sheets

Peaceful & Nurturing
Environment where People can
Recuperate & Rejuvenate



# Ayur Vaidya Mana

ayur vaidya MANA
ayur-vaidyamana.com

**Best ayurvedic heritage home in Palakkad**
**Experience relaxing stay**

ayur-vaidyamana.com

for more contact

**8220368888, 7356523232, 9747300088**